Digital Magazine 2k24



# മഹസ്സ്

കാർമൽ മാതാ ഹൈസ്കൂൾ മാങ്കടവ്

29046

OUR SCHOOL PATRON



**CARMEL MATHA**

**PRAY FOR US...**




# OURSCHOOL



# എഡിറ്റോറിയൽ

വാക്കായും വരിയായും വരയായും

ഇവിടെ രൂപാന്തരപ്പെട്ടവയെല്ലാം

ഓരോ അടയാളപ്പെടുത്തലുകൾ ആണ്.....

തോൽക്കാൻ തയ്യാറല്ലാത്ത

കുരുന്നുകളുടെ നേരിന്റെ കാഴ്ചകൾ......

ഒത്തൊരുമയുടെ....

കൂട്ടായ യത്നത്തിന്റെ ....

നിറക്കൂട്ടാണ് "മഹസ്സ് എന്ന ഈ ഡിജിറ്റൽ

മാഗസീൻ.

കാർമൽ മാതയിലെ

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ

ഈ അക്ഷരക്കൂട്ടം ഏവരുടെയും

മനസ്സിൽ ഒരുപിടി നന്മയുടെ തിരിനാളം

പകരാൻ ഇടയാകട്ടെ എന്ന്

ആശംസിക്കുന്നു.



# ആശംസ

കാലം മുന്നേറുന്നു...

ജീവിതവും മുന്നേറുന്നു...

അറിവും സാധ്യതകളും ആകാശജാലകം

പോലെ അനന്തവിഹായസ്സിലേക്ക്

ഉയരുന്നു...നൂതന സാങ്കേതിക വിദ്യകൾ

കുട്ടികളിലെ സാധ്യതകളെ അനാവരണം

ചെയ്യാനുള്ള ഉപാധികളായി മാറുന്നു. ഈ

കാർമൽ മാതയിലെ ലിറ്റിൽ കൈറ്റ്സ്

കുട്ടികളുടെ എളിയ സംരംഭമാണ് "മഹസ്സ്"

എന്ന ഡിജിറ്റൽ മാഗസിൻ...

കുഞ്ഞുങ്ങളുടെ സർവ്വതോന്മുഖമായ

സിദ്ധികളെ വെളിച്ചത്തിലേക്ക്

കൊണ്ടുവരുവാൻ ഇതിന് കഴിയട്ടെ എന്ന്

ആശംസിക്കുന്നു.. എല്ലാ നന്മകളും
നേരുന്നു.....



**_Our Headmistress_**



# Editorial Board



# CONTENT


പനിനീർപ്പൂവിന്റെ സങ്കടം

പ്രകൃതി

വിജയവീഥി

അറിവായ് നിറവായ്

മഹാത്മാ ഗാന്ധിജി

നഷ്ടമാവുന്ന ബാല്യങ്ങൾ

കുടുംബം

ഒരു കുഞ്ഞു പൂച്ചയുടെ കഥ

ലില്ലിയുടെ ഓർമ്മകൾ

മഹത് വചനങ്ങൾ

അമ്മ മലയാളം

വായന

The True Friend

സ്വപ്നം

# CONTENT


സ്വപ്നങ്ങൾ

യാത്രാവിവരണം

ലൂയി പാസ്ചർ

പ്രകൃതി വർണ്ണങ്ങൾ

കാർമേഘം

സ്വപ്നങ്ങൾ

ബുദ്ധനും ആട്ടിൻക്കുട്ടിയും

കാട്ടിനുള്ളിലെ ഒരു മരവും കുട്ടിയും.

പെലെ

THE MAGIC MIRROR

അറിവിൻ വെളിച്ചം

MIRACLE OF LIFE

വെളിച്ചം

വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത

കൂട്ടുകാർ

പാത്തുമ്മയുടെ ആട്

ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ.....?

പ്രകൃതി വർണ്ണങ്ങൾ

കടങ്കഥകൾ

The Twinkling Stars

വിദ്യാഭ്യാസത്തിൽ മാതൃഭാഷക്കുള്ള സ്ഥാനം

## പനിനീർപൂവിന്റെ സങ്കടം

വസന്തം വന്നു...... പൂക്കൾ വിരിഞ്ഞു..
പനിനീർപൂ മാത്രം കരഞ്ഞു.....
എന്തേ നിനക്കിത്ര സങ്കടം ? ...
കൂട്ടുകാരി പൂക്കൾ ചോദിച്ചു....
അഴകാർന്നൊരെൻ മുഖത്തിൻകീഴെ
എന്തിനിത്ര മുള്ളുകൾ തന്നുനീ.....
ദൈവമേ.... പനിനീർ പൂ കേണു......
ദൈവം വന്നു പനിനീർ പൂവിൻ്റെ
കണ്ണീരൊപ്പി ഉമ്മ കൊടുത്തു.....
എന്നിട്ടു ചൊല്ലി മുള്ളില്ലെങ്കിൽ
എല്ലാരും നിന്നെകിള്ളും
നീയെന്റെ സുന്ദരി മോളല്ലേ.....
നിൻ്റെ രക്ഷക്കായി നിനക്ക്
മുള്ളുകൾ നൽകി ഞാൻ...
പനിനീർ പൂ ചിരിച്ചു... അവളുടെ
ചിരിയിൽ ലോകം ചിരിച്ചു.....

ബേസിൽ ബൈജു

# പ്രകൃതി

ഉദിച്ചു വരുന്നു സൂര്യനെ കണ്ടു ഞാൻ
അതാ അവിടെ സൂര്യനാൽ ഉണരുന്ന പുക്കളും
ചിറകുകൾ അടിച്ചു വരുന്ന പക്ഷികൾ
കുളത്തിൽ നൃത്തം വയ്ക്കുന്ന മിനുകൾ
കാറ്റിൽ ആടുന്ന മരങ്ങൾ
എല്ലാം വർണ്ണ വിസ്മയം...........

ഗുരുനാഥ് ജയേഷ് IX



# അറിവായ് നിറവായ്

"ലോകം എന്നെപ്പറ്റി എന്തു കരുതുന്നു എന്നെനിക്കറിില്ല.പക്ഷേ,എന്നെ സംബന്ധിച്ചിടത്തോളം ഞാൻ ഒരു കൊച്ചു കുട്ടിയാണ്; അനന്തവിസ്തൃതമായ പ്രപഞ്ചമണൽപ്പുറത്ത് മണലു വാരിക്കളിക്കുന്ന ഒരു കൊച്ചു കുട്ടി. അൽപ്പം വെളുത്ത ഒരു വെള്ളാരങ്കല്ലോ ഭംഗിയാർന്ന കക്കത്തൊടോ കാണുമ്പോൾ എൻറെ ശ്രദ്ധ അങ്ങോട്ട് തിരിയും. പക്ഷേ, സത്യത്തിന്റെ മഹാ സാഗരം എന്റെ കൈപ്പിടിയിലൊതുങ്ങാതെ അജയ്യമായി തന്നെ നിലകൊള്ളുകയാണ്

**ആദിൽ അത്തിഫ്**

# വിജയവീഥി

------------------

ഇന്ന് ഞാൻ പരിചയപ്പെടുത്താൻ പോകുന്ന ബുക്ക് വിജയവീഥിയാണ്. ഇത് എഴുതിയത് ആശ്രമത്തിലെ ജേക്കബ് ഓ. ഐ. സി. അച്ചനാണ്. വചനങ്ങളും വളരെ രസകരമായ കഥകളും ജീവിത സംഭവങ്ങളും ഈ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ബുക്ക് മൂന്ന് വോളിയം ആയാണ് എഴുതിയിരിക്കുന്നത്. ഞാൻ വായിച്ചത് മൂന്നാം വോളിയം ആണ്. മൂന്നാം വോളിയത്തിൽ 196 പേജുകൾ ഉണ്ട്. ഈ ബുക്കിന്റെ വോളിയം ഒന്നിനും രണ്ടിലും പറഞ്ഞിരിക്കുന്നത് പോലെ ഇത് വായിക്കുന്നവർക്ക് ക്രിസ്തീയമായും ആധ്യാത്മികമായും ധാർമികമായും ചൈതന്യവും ഉണർവും പകരുവാൻ ഈ പുസ്തകത്തിന് കഴിയും എന്ന് ഞാൻ വിശ്വസിക്കുന്നു. ഈ പുസ്തകം വേദനിക്കുന്ന മനസ്സുകളിൽ തൈലിലേപനം നടത്തുന്ന ലേഖനങ്ങളുടെ സമാഹാരമാണ്. മഹത്തായ ആദർശങ്ങളെ ഉയർത്തിപ്പിടിക്കുകയും മനുഷ്യന് മാർഗ്ഗദർശനങ്ങൾ ആയി അവയെ എടുത്തു കാണിക്കുകയും ചെയ്യുന്നു. സ്വതന്ത്രമായ ദിവ്യ ചിന്തയുടെ സ്വതന്ത്ര ഫലങ്ങളാണ് വിജയികളുടെ അദ്ദേഹം വായനക്കാർക്ക് നൽകുന്നത്. വായിച്ചതിൽ തന്നെ ഏറ്റവും മനോഹരമായ ഗ്രന്ഥമാണ് വിജയവീഥി.



By Aby Biju

# മഹാത്മാ ഗാന്ധിജി

1869 ഒക്ടോബർ രണ്ടിന് ഗുജറാത്തിലെ പോർബന്തർ എന്ന സ്ഥലത്ത് കരംചന്ദ് ഗാന്ധിയുടെയും പുത്തലീഭായുടെയും മകനായി ഗാന്ധിജി ജനിച്ചു. മോഹൻദാസ് കരംചന്ദ് ഗാന്ധി എന്നതായിരുന്നു അദ്ദോഹത്തിന്റെ ബാല്യകാല നാമം. ഗാന്ധിജിയുടെ പ്രാഥമിക വിദ്യാഭ്യാസം രാജി കോട്ടിലായിരുന്നു. 1883-ൽ അദ്ദോഹത്തിന്റെ 13 വയസ്സിൽ കസ്തൂർബ്യയുമായി വിവാഹം കഴിച്ചു. വിവാഹത്തിനു ശേഷം അദ്ദേഹം തന്റെ പഠനം തുടർന്നു. ചെറുപ്പകാലത്ത് പഠിക്കാൻ അത്ര മിടുക്കൻ അല്ലെങ്കിലും മെട്രിക്കുലേവരെ അദ്ദോഹം പഠിച്ചു. 1888 -ൽ പഠിക്കാനായി അദ്ദോഹം ഇംഗ്ലണ്ടിലേക്ക് യാത്ര പുറപ്പെട്ടു. ലണ്ടനിലെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ആയിരുന്നു അദ്ദോഹത്തിന്റെ പഠനം. 1891-ൽ അദ്ദോഹം പഠനം പൂർത്തിയാക്കി ഇന്ത്യയിൽ തിരിച്ചെത്തി. മുബൈയിലെ രാജക്കോട്ടിൽ അഭിഭാഷകനായി ജോലി ആരംഭിച്ചു.അധികനാൾ കഴിയുന്നതിനു മുൻപേ തന്നെ അദ്ദോഹം ആ ജോലി ഉപേക്ഷിച്ചു. ജോലി ആവശ്യത്തിനായി 1893-ൽ ദക്ഷിണാഫ്രിക്കയിൽ എത്തിയ അദ്ദേഹത്തിന് 



വർണ്ണവിവേചനത്തിന്റെ പേരിൽ പല ദുരിതങ്ങളും നേരിടേണ്ടി വന്നു. 1948 ജനുവരി 30 ന് ന്യൂഡൽഹിയിൽ നാഥുറാം വിനായക ഗോഡ്സെ എന്ന മതഭ്രാന്തന്റെ വെടിയേറ്റ് ഗാന്ധിജി മരിച്ചു. ഇതുമൂലമാണ് എല്ലാ വർഷവും ജനുവരി 30 രക്തസാക്ഷി ദിനമായി ആചരിക്കുന്നത്...

**മാളവിക**

# നഷ്ടമാവുന്ന ബാല്യങ്ങൾ

ഹാ ലോകരേ നോക്കുവിൻ നിങ്ങൾ ചുറ്റിലും
വേദനതിന്നുന്ന ബാല്യങ്ങളല്ലയോ ചുറ്റിലും
ക്രൂരമാം മർദ്ദനം സഹിച്ചും കൊടിയ
ദാരിദ്ര്യത്തിൻ വേദന കടിച്ചമർത്തിയും
ദുഷ്ടമാം നിങ്ങൾതൻ പരിഹാസമതുകേട്ടും
പിഞ്ചിളംകൈകളിൽ കളിക്കോപ്പുമായി
കൊഞ്ചിനടക്കേണ്ട പ്രായമിതിൽ
ചുമലിൽ ചപ്പുചവറിൻ ഭാരം താങ്ങിയും
അമ്മതൻ മാറിൽ ചായുറങ്ങേണ്ട
നേരമിതിൽ പൊരിവെയിലിൽ തളർന്നു വീണും
ഒരു തുള്ളി ജലത്തിനായി അലഞ്ഞും നടക്കുന്നു
ആനന്ദമെന്തെന്നുമവരറിയുന്നില്ല
ബാല്യമെന്തെന്നുമവരറിയുന്നില്ല
തട്ടിപ്പുംവെട്ടിപ്പുമവർജീവിതചര്യയാക്കുന്നു
തെറ്റേതെന്നും ശരിയേതെന്നു-
മവർക്കറിയില്ല അറിയുന്നുമില്ല.
ഓമനിക്കാനവർക്കമ്മയില്ല.
ശാസിക്കുവാനവർക്കച്ഛനില്ല.
നേരിൻ്റെ വെളിച്ചമവർക്കു നഷ്ടമാവുന്നു
ബാല്യകാലമതുമവർക്കു നഷ്ടമാവുന്നു
ദുഷ്ടരാം ലോകരേ നിങ്ങളെന്നവർക്കേകും ഒരു
മോചനം?
നിങ്ങളെന്നവർക്കേകും ഒരു സുവർണ്ണകാലം?!

Joyal johnson 9b



# കുടുംബം

സ്നേഹത്താൽ ബന്ധിക്കപ്പെട്ടു,

ഞങ്ങളുടെ കുടുംബ വൃക്ഷം,

ആഴത്തിൽ വേരൂന്നിയ,

ഒരു ചേർച്ച .

ജീവിതത്തിന്റെ കൊടുങ്കാറ്റുകളെ

നമ്മൾ ഒരുമിച്ച് നേരിടും,

പരസ്പരം, ഞങ്ങൾ ഒരു രൂപം കണ്ടെത്തുന്നു.

ചിരിയിലൂടെയും

കണ്ണീരിലൂടെയും

നാം

തലയുയർത്തി നിൽക്കുന്നു.

ഒന്നായി,

ഞങ്ങൾ എല്ലാം കീഴടക്കുന്നു.

പോൾ ജി 9B



# ചെറുകഥ

## ഒരു കുഞ്ഞു പൂച്ചയുടെ കഥ

ഒരിക്കൽ ഒരു കുഞ്ഞു പൂച്ചയുണ്ടായിരുന്നു. അത് വളരെ ഭംഗിയുള്ളതും കളിയോട്ടുള്ളതും ആയിരുന്നു. അതിന് ഒരു ദിവസം ഒരു പുതിയ കളിപ്പാട്ടം കിട്ടി. അത് ആ കളിപ്പാട്ടം കൊണ്ട് കളിക്കാൻ തുടങ്ങി. അത് കളിക്കാൻ തുടങ്ങി. ആ കളിപ്പാട്ടം ഒരു കുഴിയിൽ വീണു. കുഞ്ഞു പൂച്ച ആ കുഴിയിൽ നോക്കി. അതിനെ കാണാൻ പറ്റുന്നില്ല. അത് കരയാൻ തുടങ്ങി. അപ്പോൾ അവിടെ ഒരു പൂച്ച വന്നു. അത് കുഞ്ഞു പൂച്ചയോട് ചോദിച്ചു, "എന്താണ് കാര്യം?"

കുഞ്ഞു പൂച്ച പറഞ്ഞു, "എന്റെ കളിപ്പാട്ടം ഈ കുഴിയിൽ വീണു. എനിക്ക് എടുക്കാൻ കഴിയുന്നില്ല."

പൂച്ച പറഞ്ഞു, "നീ കരയേണ്ട. ഞാൻ നിനക്ക് സഹായിക്കാം."

പൂച്ച കുഴിയിൽ ഇറങ്ങി കളിപ്പാട്ടം എടുത്തു. അത് കുഞ്ഞു പൂച്ചയ്ക്ക് കൊടുത്തു.

കുഞ്ഞു പൂച്ച പൂച്ചയോട് നന്ദി പറഞ്ഞു. അത് സന്തോഷത്തോടെ കളിപ്പാട്ടം കൊണ്ട് കളിക്കാൻ തുടങ്ങി.

നീതി: സഹായം ആവശ്യമുള്ളവരെ സഹായിക്കണം.

**അലിൻസ് സെയ്ദ്**



# ലില്ലിയുടെ ഓർമ്മകൾ

പണ്ട് ഒരു ചെറിയ ഗ്രാമത്തിൽ ലില്ലി എന്ന ഒരു പെൺകുട്ടി താമസിച്ചിരുന്നു. ഗ്രാമത്തിലെ മറ്റാരെക്കാളും വ്യത്യസ്തയായിരുന്നു ലില്ലി - ലോകത്തെ നോക്കുന്ന ഒരു അതുല്യമായ രീതി അവൾക്കുണ്ടായിരുന്നു, മറ്റുള്ളവർക്ക് കഴിയില്ലെങ്കിൽപ്പോലും ആളുകളിലെ നന്മ എപ്പോഴും കണ്ടു.

ഒരു ദിവസം, ഗ്രാമത്തിലൂടെ കടന്നുപോകുന്ന ഒരു കൂട്ടം യാത്രക്കാർ ലില്ലിയുടെ കുടുംബത്തിൻ്റെ സത്രത്തിൽ വിശ്രമിക്കാൻ നിന്നു. ഗ്രാമവാസികൾ അപരിചിതരോട് ജാഗ്രത പുലർത്തിയിരുന്നു, പക്ഷേ ലില്ലി അവരെ ഇരുകൈകളും നീട്ടി സ്വീകരിച്ചു, അവർക്ക് ഭക്ഷണവും വിശ്രമിക്കാനുള്ള സ്ഥലവും വാഗ്ദാനം ചെയ്തു. യാത്രക്കാർ ലില്ലിയുടെ ദയയാൽ സ്പർശിക്കുകയും അവളോട് ഒരു രഹസ്യം പറയുകയും ചെയ്തു - അവർ യഥാർത്ഥത്തിൽ വേഷംമാറി യക്ഷികളായിരുന്നു, ദയയും പോസിറ്റിവിറ്റിയും ലോകത്ത് പ്രചരിപ്പിക്കാനുള്ളദൗത്യത്തിൽ.യക്ഷികൾലില്ലിയുടെ ഉദാരമായ മനോഭാവത്തിൽ ആകൃഷ്ടരായി, അവർ അവൾക്ക് ഒരു ആഗ്രഹം നൽകി. ലില്ലി തനിക്ക് എന്താണ് വേണ്ടതെന്ന് ദീർഘനേരം ചിന്തിച്ചു, എന്നാൽ സമ്പത്തോ പ്രശസ്തിയോ ചോദിക്കുന്നതിനുപകരം, എത്ര ബുദ്ധിമുട്ടാണെന്ന് തോന്നിയാലും എല്ലാവരിലും നല്ലത് കാണാനുള്ള കഴിവാണ് അവൾആവശ്യപ്പെട്ടത്.അന്നുമുതൽ, ആളുകളിലെ നന്മ കാണാനുള്ള ലില്ലിയുടെ സമ്മാനം ഗ്രാമം മുഴുവൻ വ്യാപിച്ചു. ആളുകൾ ദയയോടെയും അനുകമ്പയോടെയും പരസ്പരം നോക്കാൻ തുടങ്ങി, ഗ്രാമം കൂടുതൽ സന്തോഷകരമായ താമസസ്ഥലമായി മാറി.

ഈ കഥയുടെ ധാർമ്മികത, ചിലപ്പോൾ നമുക്ക് ലഭിക്കുന്ന ഏറ്റവും വലിയ സമ്മാനം ഭൗതിക സമ്പത്തോ വസ്തുവകകളോ അല്ല, മറിച്ച് മറ്റുള്ളവരിലെ നന്മ കാണാനും നാം പോകുന്നിടത്തെല്ലാം ദയ പകരാനുമുള്ള കഴിവാണ്. ലോകത്തെ എല്ലാവർക്കുമായി ഒരു മികച്ച സ്ഥലമാക്കി മാറ്റുന്നതിൽ അൽപ്പം ദയയ്ക്ക് വളരെയധികം സഹായിക്കാൻ കഴിയുമെന്ന് ലില്ലിയുടെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് നമുക്കെല്ലാവർക്കും ലില്ലിയുടെ പുസ്തകത്തിൽ നിന്ന് ഒരു പേജ് എടുത്ത് മറ്റുള്ളവരിൽ നല്ലത് കാണാൻ ശ്രമിക്കാം, അത് കണ്ടെത്താൻ പ്രയാസമാണെങ്കിലും

**ദേവാനന്ദ് എം ആർ 9B**

# മഹത് വചനങ്ങൾ

ആദ്യം പരാജയം  അഭിമുഖീകരിക്കാൻ ഒരിക്കലും ഭയക്കരുത് കാരണം വിജയകരമായ കണക്ക് പോലും തുടങ്ങുന്നത് സീറോയിൽ നിന്നാണ് -

ഡോക്ടർ എ പി ജെ അബ്ദുൽ കലാം

വലിയൊരു ലോകം മുഴുവൻ നന്നാവാൻ ചെറിയൊരു സൂത്രം

ചെവിയിൽ ഓതാം ഞാൻ "സ്വയം നന്നാവുക

കുഞ്ഞുണ്ണി മാഷ്

നമ്മുടെ കുറ്റങ്ങളെ ആത്മാർത്ഥതയോടെ ചൂണ്ടിക്കാണിക്കുന്നവൻ ആരാണോ അവരാണ് വിശ്വസ്തര്

സോക്രട്ടീസ്

സമാധാനം ഇല്ലെങ്കിൽ മറ്റെല്ലാ സ്വപ്നങ്ങളും അപ്രത്യക്ഷമാവുകയും ചാരമായി തീരുകയും ചെയ്യും

ജവഹർലാൽ നെഹ്റു

ലോകം മാറ്റിമറിക്കാൻ നിങ്ങൾക്ക് ഉപയോഗിക്കാവുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം

നെൽസൺ മണ്ടേല

സത്യം മാത്രമേ നിലനിൽക്കൂ മറ്റെല്ലാം കാലത്തിൻ്റെ ഒഴുക്കിൽ  തുത്തെറിയപ്പെടും

മഹാത്മാഗാന്ധി



# അമ്മ മലയാളം

നമ്മുടെ നറുമൂഴി മലയാളം
നന്മൊഴി നറുമൊഴി മലയാളം
നമ്മുടെ തായ്മൊഴി മലയാളം
കേരള നാട്ടിലെ മാളോരുടെ മൊഴി
കേളിയെഴും പ്രിയ മലയാളം
ആ മൊഴിയിൽ കിളിമക ൾ പാടുന്നു
ആ മൊഴിയിൽ പൂവുണരുന്നു
പുലരികളിൽ തുയിലുണരു പാടി
തുടികൊട്ടും മൊഴി മലയാളം
ആ മൊഴിയമ്മിഞ്ഞപ്പാലൊപ്പം
നാം നുകരും മൊഴി മലയാളം
അറിവിന്നരിയ വെളിച്ചം കരളിൽ
ചൊരിയും തിരുമൊഴി മലയാളം

**ജോൺ കെ ജയന്ത്**

# വായന

ഇന്ന് വായനാ ദിനം . വായനയും അറിവും ജോലി കിട്ടാൻ മാത്രമുള്ള ഒന്നല്ല. അത് മനുഷ്യന്റെ സ്വഭാവ ശീലങ്ങളിൽ മാറ്റം വരുത്തുകയും അതിലൂടെ വ്യക്തിത്വവികസനം സാധ്യമാക്കുകയും ചെയ്യുന്നു. നല്ല പൗരന്മാർ നാടിൻറെ സമ്പത്ത് ആകുന്നു. അതിനാൽ രാജ്യത്തിന്റെ പുരോഗതിയിൽ മാറ്റംവരുത്താൻ വായന ശീലം മുതൽക്കൂട്ടായ ഒരു തലമുറക്ക് സാധിക്കും. . വായന ഓരോ സമയം നമ്മുടെ ഇന്ദ്രിയങ്ങളെ പരിപോഷിപ്പിച്ചുകൊണ്ട് ചിന്തയെ ഉദ്ദീപിപ്പിക്കുന്നു. സാമൂഹിക സാമ്പത്തിക മേഖലയിലെ വളർച്ചയും വികാസവും വായനയിലൂടെ നമുക്ക് പകർന്നുകിട്ടുന്നു.

റോസാരിയോ കെ ജെ





# The True Friend

Once there were two friend a squirrel and a puppy.They used to live and play together. The squirrel was very sporty and always won the games. The puppy used to feel bad and through that it was of no use.

One day, it started raining heavily. The squirrel was in high spirit. He started doing antics but suddenly lost his balance and fell in the rain water.

He called his friend the puppy for help. The puppy came to rescue. The squirrel climbed on the back and reached a safe place. He thanked his for saving his life.

Alan Anish

Once upon a time, there was a haughty elephant who used to bully smaller creatures. He'd go to an anthill near his house and spray the ants with water. Because of their size, the ants could only cry. The elephant simply chuckled and threatened the ants with death by crushing them. The ants had had it and decided to teach the elephant a lesson one day. They jumped into the elephant's trunk and began biting him. The elephant could do nothing but howl in agony. He realized his error and apologized to the ants as well as all the other animals he had harassed.

Nihal Muhammed IX





# സ്വപ്നം

സ്വപ്നങ്ങളുടെ ഭാണ്ഡക്കെട്ടഴിച്ചപ്പോൾ

എനിക്കൊരു പൊൻതുവൽ കൈയ്യിലുടക്കി

എന്നോ നെയത് കൂട്ടിയ സ്വപനം

ഇന്നപൊൻതുവലായി പ്രഭചൊരിയാതെ

നിലകൊള്ളുന്നു

സ്വപ്നമേ

നിന്നെയാരും കാണാതെ ആ

ഭാണ്ഡകെട്ടിനുള്ളിൽ വീണ്ടുമൊളിപ്പിച്ചോട്ടെ

ഇനിയുമതെ പ്രൗഢിയിൽ നിലനിൽക്കാൻ

ജെഫിൻ ജോബി

# സ്വപ്നങ്ങൾ

സ്വപ്നങ്ങൾ "ഉറക്കത്തിൽ കാണുന്നതല്ല
സ്വപ്നങ്ങൾ നമ്മുടെ ഉറക്കം
നഷ്ടപ്പെടുത്തുന്നതാണ് യഥാർത്ഥ സ്വപ്നങ്ങൾ"
എന്നാണ് എ.പി.ജെ അബ്ദുൾ  കലാം
പറഞ്ഞിട്ടുള്ളത് . സ്വപ്നങ്ങളെ കാണുവാനായി
മനുഷ്യനു മാത്രമേ സാധിക്കൂ. മനുഷ്യനേ
മനുഷ്യനാക്കുന്നതിൽ  സ്വപ്നങ്ങൾക്കു പ്രാധാന്യം
ഏറെയുണ്ട് . ഓരോ മനുഷ്യന്റെയും സ്വപ്നങ്ങൾ എത്ര
ചെറുതായാലും അതിലേക്കു എത്തിച്ചേരാൻ
പരിശ്രമിക്കുന്നവരാണ് മനുഷ്യർ . "പരിശ്രമം
ചെയ്യുകിലെന്തിനേയും വശത്തിലാക്കാൻ കഴിവുള്ള വണ്ണം
ദീർഘങ്ങളാം കൈകളെ നൽകിയത്രേ
മനുഷ്യരെപ്പാരിലയച്ചതീശൻ" എന്നാണ് മഹാകവി
പറഞ്ഞിട്ടുള്ളത്. ഇത്തരം കഴിവുകൾ  നമ്മുടെ സ്വപ്നങ്ങളെ
സാക്ഷാത്കരിക്കുവാനായി നാം ഉപയോഗിക്കണം .
എ.പി.ജെ അബ്ദുൾ  കലാം നമ്മോട് പറഞ്ഞിട്ടുള്ളത്
എന്തെന്നാൽ"സ്വപ്നം  കാണുക ആ സ്വപ്നങ്ങളെക്കുറിച്ച്
ചിന്തിക്കുക, ആ ചിന്തകളെ പ്രവൃത്തികളിലൂടെ
സഫലമാക്കുക  "

–പോൾ ബിനു

# ലൂയി പാസ്ചർ

തെരുവുനായ്ക്കൾ മനുഷ്യരെ ആക്രമിക്കുന്നത് ഇന്ന് പതിവ് സംഭവമാണല്ലോ.പേപ്പട്ടികൾ നാടിന് ഭീഷണിയുയർത്തുന്ന ഇക്കാലത്ത് നാം നന്ദിയോടെ ആദരവോടെ അനുസ്മരിക്കേണ്ട ഒരു പേരുണ്ട്.അതെ പേവിഷബാധയ്ക്കുള്ള വാക്സിൻ കണ്ടെത്തിയ ലൂയി പാസ്ചർ.മെഡിക്കൽ മൈക്രോബയോളജി എന്ന ശാസ്ത്രശാഖയുടെയും ഇമ്മ്യൂണോളജി എന്ന ശാസത്രശാഖയുടെയും പിതാക്കന്മാരിൽ ഒരാളായി ലൂയി പാസ്ചർ ലോക ജനതയ്ക്ക് മുന്നിൽ അറിയപ്പെടുന്നു.കാലത്തെ അതിജീവിച്ച് ഈ മഹാമനുഷ്യന്റെ കഥ ആരംഭിക്കുന്നത് അങ്ങ് ഫ്രാൻസിലാണ്.യൂറോപ്യൻ ശക്തികൾക്കെതിരെ നെപ്പോളിയൻ ചക്രവർത്തിയുടെ കീഴിൽ നടന്ന യുദ്ധങ്ങൾ കെട്ടടങ്ങി ജനജീവിതം സാധാരണ നിലയിലേക്ക് ആയി വരുന്ന സമയത്താണ് ലൂയി പാസ്ചറുടെ ജനനം.കിഴക്കൻ ഫ്രാൻസിലെ ഡോൾ എന്ന പട്ടണത്തിൽ വെറുമൊരു സാധാരണ കുടുംബത്തിൽ ജീൻ ജോസഫ് പാസ്ചറുടെയും ജീൻ എറ്റിനെറ്റ് റോക്കിയുടെയും മകനായി 1822 ഡിസംബർ 27-ന് അദ്ദേഹം ജനിച്ചു.ചേച്ചിയുടെയും അനിയത്തിമാരുടെയും പൊന്നാങ്ങളയായി ലൂയി സന്തോഷത്തോടെ വളർന്നുവന്നുലൂയിയുടെ കുട്ടിക്കാലത്തുതന്നെ പാസ്ചറുടെ കുടുംബം അമർ ബോയിസ് എന്ന പട്ടണത്തിലേക്ക് താമസം മാറ്റിയിരുന്നു.കുടുംബത്തെ സ്നേഹിക്കുന്ന കുട്ടിയായ പാസ്ചറെ അവിടുത്തെ ഏതെങ്കിലും സ്കൂളിൽ അധ്യാപകനാക്കണമെന്നായിരുന്നു



അദ്ദേഹത്തിൻറെ അച്ഛൻ ജീൻജോസഫ് പാസ്ചറിന്റെആഗ്രഹം. പഠനത്തിൽ വലിയ പ്രാവീണ്യമുള്ള കുട്ടിയായിരുന്നില്ല ലൂയി പാസ്ചർ. അദ്ദേഹത്തിന്റെ കഴിവ് മറ്റൊന്നിലായിരുന്നു ചിത്രരചനയിൽ . പ്രായം വച്ചു നോക്കുമ്പോൾ ഏറെ ഇരുത്തംവന്ന ഒന്നാംന്തരം ചിത്രകാരനായിരുന്നു കൊച്ചു ലൂയി .സ്കൂളുകളിലെ ആദ്യവർഷങ്ങളിൽ പഠനത്തിൽ കാര്യമായി മുന്നേറാനൊന്നും കഴിഞ്ഞില്ലായിരുന്നെങ്കല വൈകാതെ സംഗതികൾ മാറിമറിഞ്ഞു.ചിത്രം വരെയല്ല അതിലുമെത്രയോ വലുതാവണം തന്റെ ഭാവി എന്ന് ചെറുപ്പത്തിലെ അദ്ദേഹം തീരുമാനിച്ചു.പഠനത്തിൽ മുന്നേറുകയും സ്കൂളുകളിൽ നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടുകയും ചെയ്തു.പാരീസിലെ പ്രശസ്തമായ കോളേജുകളിൽ പഠിച്ച് അച്ഛൻറെ ആഗ്രഹം പോലെ മികച്ച ഒരു അധ്യാപകനാകണമെന്നായിരുന്നു അവന്റെ ആഗ്രഹം.അങ്ങനെ ഉന്നത പഠനത്തിനുള്ള പ്രവേശനപരീക്ഷ പതിനെട്ടാം വയസ്സിൽ അദ്ദേഹം പാസായി.എല്ലാ വിഷയങ്ങൾക്കും ഗുഡ് സയൻസിന് മാത്രം വെരി ഗുഡ് അതായിരുന്നു റിസൾട്ട് .തുടർന്ന് സയൻസിൽ അദ്ദേഹം ബിരുദം നേടി.പിന്നീട് പാരീസിലെ പ്രശസ്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനമായ ഇകോൾ നോർമലിൽ മികച്ച മാർക്കോടെ അദ്ദേഹത്തിന് അഡ്മിഷൻ ലഭിച്ചു. 1847-ൽ അദ്ദേഹം സയൻസിൽ ഡോക്ടറേറ്റ് നേടി.ഫിസിക്സും കെമിസ്ട്രിയുമായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടവിഷയങ്ങൾ.അദ്ധ്യാപകനാകണമെന്ന അച്ഛന്റെ ആഗ്രഹത്തിൽ ഒതുങ്ങിനിൽക്കാതെ ശാസ്ത്രലോകത്ത് സ്വന്തം നിലയിൽ അറിയപ്പെടണമെന്ന് അദ്ദേഹം ഇതിനോടകം തീരുമാനിച്ചു കഴിഞ്ഞിരുന്നു . ഇതിനായി പാരീസിലെ

പ്രശസ്ത ശാസ്ത്രജ്ഞർക്കൊപ്പം പ്രവർത്തിക്കണമെന്നും അദ്ദേഹം തീർച്ചപ്പെടുത്തി.എന്നാൽ അദ്ദേഹത്തിന്റെ ആഗ്രഹങ്ങളെ കീഴ്മേൽ മറിക്കുന്ന ഒരു സംഭവം 1848 - ൽ ഫ്രാൻസിലുണ്ടായി.അതെ ഫ്രാൻസിന്റെ ചരിത്രം തന്നെ മാറ്റിമറിച്ച ഫ്രഞ്ച് വിപ്ലവം . 1789-ലാണ് ഇത് സംഭവിച്ചത് .അതിനുശേഷം ലൂയി പാസ്ചറുൾപ്പെട്ട ശാസ്ത്ര ഗവേഷക സംഘത്തിന് സർക്കാരിന്റെ സൈനിക വിഭാഗമായ ഫ്രഞ്ച് നാഷണൽ ഗാർഡിൽ സേവനമനുഷ്ഠിക്കേണ്ടി വന്നു.അതുവരെയുള്ള സമ്പാദ്യം മുഴുവൻ അദ്ദേഹം റിപ്പബ്ലിക്കിനു നൽകേണ്ടിയും വന്നു.പാരീസിലെ കലാപങ്ങളെ കുറിച്ച് അദ്ദേഹത്തിന്റെ കുടുംബവും അറിഞ്ഞു.അദ്ദേഹത്തിന്റെ കാര്യത്തിൽ അമ്മയ്ക്ക് ആധിയായി.ടെൻഷൻ സഹിക്കവയ്യാതെ തലച്ചോറിലേക്കുള്ള ഞരമ്പു പൊട്ടി അവർ മരിച്ചു വിവരമറിഞ്ഞ് അദ്ദേഹം തകർന്നു പോയി.വീട്ടിൽ അച്ഛനും മൂന്നു പെങ്ങമ്മാരും മാത്രമായി. ഇതിനിടെ ഇളയ പെങ്ങൾക്ക് പനി കൂടി തലച്ചോറിനെ ബാധിച്ചു.പാരീസിലെ ജോലി തൽക്കാലത്തേക്ക് അവസാനിപ്പിച്ച് ലൂയി വീടിനടുത്ത് തന്നെ ഫിസിക്സ് പ്രഫസറുടെ ജോലി തരപ്പെടുത്തി.എന്നാൽ ഏതാനും ആഴ്ചകളേ അദ്ദേഹം ആ ജോലിയിൽ തുടർന്നുള്ളൂ.അപ്പോഴേക്കും പ്രശസ്തമായ സ്ട്രോസ്ബർഗ് യൂണിവേഴ്സിറ്റിയിൽ കെമിസ്ട്രി അസിസ്റ്റൻഡ് പ്രൊഫസറായി അദ്ദേഹം ജോലി നേടിയെടുത്തു. 1849 മേയ് 29 - ന് അദ്ദേഹം മേരി ലോറന്റിനെ വിവാഹം കഴിച്ചു.ഗവേഷണ കാലത്തുതന്നെ അഗസ്റ്റെ ലോറന്റ് എന്ന അക്കാലത്തെ പ്രശസ്ത ശാസ്ത്രജ്ഞന്റെ ഗവേഷണങ്ങളിൽ ലൂയി പാസ്റ്റർ ആകൃഷ്ടനായിരുന്നു.അദ്ദേഹത്തിൻറെ നിർദ്ദേശപ്രകാരം സ്ട്രാസ് ബർഗിൽ വെച്ച് ക്രിസ്റ്റലുകളെക്കുറിച്ചുള്ള പഠനങ്ങളിലേക്ക് അദ്ദേഹം ശ്രദ്ധ തിരിച്ചു.രാസവസ്തുക്കളുടെ പരൽഘടനയിൽ അടങ്ങിയ തന്മാത്രകളെക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ ഗവേഷണം. 1848 ഏപ്രിലോടുകൂടി സ്റ്റീരിയോ കെമിസ്ട്രിയുടെ അടിസ്ഥാനമായ മോളിക്കുലർ അസിമെട്രിയ്ക്ക് തുടക്കമിടാൻ ലൂയി പാസ്ചറിന് കഴിഞ്ഞു .ആ മേഖലയിലെ ബാക്കി ഗവേഷണവഴികൾ പിൻഗാമികൾക്ക് ഒഴിച്ചിട്ടുകൊണ്ട് ലൂയി പാസ്ചർ മറ്റു ഗവേഷണ മേഖകളിലേക്ക് തിരിഞ്ഞു.അദ്ദേഹത്തിന് നാലു മക്കളാണുള്ളത്.1854 വടക്കൻ ഫ്രാൻസിലെ പ്രശസ്തമായ ലിലി സർവകലാശാലയിൽ കെമിസ്ട്രി പ്രഫസറായി ലൂയി പാസ്ചറിന് ജോലികിട്ടി.പഠിപ്പിക്കലിനുപുറമേ അദ്ദേഹത്തിന് മറ്റൊരു ജോലി കൂടി ഉണ്ടായിരുന്നു.അന്നാട്ടിലെ പ്രാദേശിക വ്യവസായികൾക്ക് ആവശ്യമായ ശാസ്ത്രീയ ഉപദേശങ്ങളും മറ്റു സഹായങ്ങളും നൽകുകയെന്നതായിരുന്നു അത്.തനിക്ക് ലഭിച്ച നല്ലൊരു അവസരമായി അദ്ദേഹം ഇതിനെ കണ്ടു.അവിടെവച്ചാണ് ക്ഷണിക്കപ്പെടാത്ത ചില അതിഥികൾ പാസ്റ്ററുടെ ജീവിതത്തിലേക്ക് കടന്നുവന്നത്. ലിലി സർവകലാശാലയിലെ വിദ്യാർഥികളെ പഠനാവശ്യങ്ങൾക്കായി വടക്കൻ ഫ്രാൻസിലെയും ബെൽജിയത്തിലെയും വ്യവസായശാലകളിലേക്ക് ലൂയിപാസ്ചർ കൊണ്ടുപോയി.ലീലയിലെ ആൽക്കഹോൾ നിർമ്മാണ വ്യവസായത്തിലെ ചില പ്രശ്നങ്ങൾ പരിഹരിക്കാനും ഇതിനിടെ അദ്ദേഹത്തിന് കഴിഞ്ഞു.പാസ്റ്ററുടെ ഒരു വിദ്യാർഥിയുടെ അച്ഛൻ ലീലയിലെ ചെറുകിട ആൽക്കഹോൾ വ്യവസായി ആയിരുന്നു.പുളിപ്പിക്കൽ പ്രക്രിയയിലെ കുഴപ്പം മൂലം വേണ്ട വിധം ആൽക്കഹോൾ നിർമിക്കാൻ കഴിയാത്തതിനെ തുടർന്ന് ആ വ്യവസായി പാസ്ചറിനെ സമീപിച്ചു.പ്രശ്നം വിശദമായി പഠിച്ച പാസ്ചർ വൈൻ ,ബിയർ , തൈര് തുടങ്ങിയവയൊക്കെ

പുളിക്കുന്നതിന് പിന്നിൽ അദൃശ്യമായ കരങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് തെളിയിച്ചു.വെറും കണ്ണുകൾകൊണ്ട് കാണാനാവാത്ത സൂക്ഷ്മ ജീവികളായിരുന്നു ആ അദൃശ്യ ശക്തികൾ .വിജയകരമായി പുളിപ്പിക്കൽ നടന്ന പഞ്ചസാര ലായനിയിൽ ലൂയി പാസ്റ്റർ നിശ്ചിത ആകൃതിയിലുള്ള യീസ്റ്റുകളുടെ സാന്നിധ്യം കണ്ടെത്തി.ജീവനുള്ള സൂക്ഷ്മ ജീവികളാണ് പഞ്ചസാര ലായനിയെ പുളിപ്പിച്ച് ആൽക്കഹോൾ ആക്കി മാറ്റാൻ സഹായിക്കുന്നത് എന്ന കണ്ടെത്തൽ ലിലിയിലെ മദ്യ വ്യവസായശാലകളെ വളർത്താൻ കഴിഞ്ഞു വ്യവസായരംഗത്തെ മാത്രമല്ല ശാസ്ത്ര ലോകത്തെ ഏറെ സുപ്രധാനമായ ഒരു കണ്ടെത്തലായിരുന്നു അത്. 1860-ൽ പാസ്ചർ തന്റെ മറ്റൊരു കണ്ടെത്തൽ ലോകത്തിനു മുൻപിൽ പരിചയപ്പെടുത്തി.അത് പാസ്ചറൈസേഷന്റെയും രോഗാണുസിദ്ധാന്തത്തിന്റെയും തുടക്കത്തിന് കാരണമായി.ഏകദേശം 55 ഡിഗ്രിചൂടാക്കിയാൽ പാലിലെയും മറ്റും സൂക്ഷ്മാണുക്കൾ നശിച്ചുപോകും എന്ന് അദ്ദേഹം കണ്ടെത്തി.ഈ ചൂടാക്കൽ പരിപാടിയാണ് പിന്നീട് പാസ്ചറൈസേഷൻ എന്നറിയപ്പെടാൻ തുടങ്ങിയത്.ഈ കണ്ടെത്തൽ പിന്നീട് പല വ്യവസായങ്ങളുടെയും നട്ടെല്ലായി മാറി.ഓരോ തരം പുളിക്കൽ പ്രക്രിയയും ഓരോതരം ബാക്ടീരിയയുടെ പ്രവർത്തനമാണെന്നകാര്യം തെളിവുകൾ സഹിതം പാസ്ചർ സ്ഥാപിച്ചു.ഇതാണ് ജേം തിയറിക്ക് അടിസ്ഥാനമായത്.പകർച്ചവ്യാധികളാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ പല യൂറോപ്പുകാരുടെയും ജീവിതത്തിന്റെ ഗതി മാറ്റിവിട്ടത്.ലൂയി പാസ്ചറുടെ ജീൻ , കാമിലെ എന്നീ രണ്ടു പുത്രിമാർക്കും പിന്നാലെ അദ്ദേഹത്തിന്റെ ഇളയമകൾ സെസിലും ഇളംപ്രായത്തിൽതന്നെ പകർച്ചവ്യാധിക്ക് കീഴടങ്ങിയതോടെ പാസ്റ്റർ ഒരു കാര്യം ഉറപ്പിച്ചു.ഇനിയുള്ള തന്റെ ഗവേഷണങ്ങൾ പകർച്ചവ്യാധിക്കെതിരെയാണ്.പാസ്ചർക്ക് എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു ലാബ് പണിയാൻ വേണ്ടി സാമ്പത്തിക സഹായവുമായി ഫ്രഞ്ച് സർക്കാർ മുന്നോട്ടു വന്നു.പാസ്ചർക്ക് സ്ട്രോക്ക് വരുന്നതിനു മുൻപ് തന്നെ അതിനുള്ള ഒരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞിരുന്നു.എന്നാൽ അസുഖം മൂലം അദ്ദേഹത്തിന്റെ ജീവിതം അനിശ്ചിതത്തിലായതോടെ ലാബിന്റെ പണി അവതാളത്തിലായി.ഇതറിഞ്ഞ നെപ്പോളിയൻ മൂന്നാമൻ ചക്രവർത്തി സഹായ വാഗ്ദാനവുമായി പാസ്ചർക്ക് കത്തെഴുതി.സ്ട്രോക്ക് വന്ന് മൂന്നുമാസത്തിനകം പൂർണ്ണ ആരോഗ്യത്തോടെ അല്ലെങ്കിലും പാസ്ചർ ജോലിയിൽ തിരിച്ചെത്തിയെങ്കിലും അദ്ദേഹത്തിന് പകർച്ച വ്യാധികൾക്കെതിരെയുള്ള പോരാട്ടം 1887-ൽ മാത്രമാണ് തുടങ്ങിയത്.അണുബാധ തടയാനുള്ള ആന്റിബയോട്ടിക്കുകൾ ഒന്നും അക്കാലത്ത് കണ്ടുപിടിച്ചില്ലായിരുന്നു. പാസ്ചറുടെ കാലത്തെ മറ്റൊരു ഭീഷണിയായിരുന്നു ആന്ത്രാക്സ് രോഗം പ്രധാനമായും ആട് പശു തുടങ്ങിയ നാൽക്കാലികൾക്ക് ബാധിക്കുന്ന ആന്ത്രാക്സ് പടർത്തുന്നത് ബാസിലസ് അന്ത്രാസിസ് എന്ന ബാക്ടീരിയയാണ്.കാലികൾ വഴി രോഗം മനുഷ്യരിലേക്കും മറ്റും വളർത്തുമൃഗങ്ങളിലേക്കും പടർന്നു ആന്ത്രാക്സ് രോഗാണുക്കൾക്ക് കേടുകൂടാതെ മണ്ണിൽ ദീർഘകാലം കഴിയാൻ ആകും എന്നത് ഈ രോഗത്തിന്റെ അപകടസാധ്യത വർധിപ്പിച്ചു.ആന്ത്രാക്സിനെതിരെ വാക്സിൻ കണ്ടെത്താനായി ലൂയി പാസ്ചറും സംഘവും കിണഞ്ഞുപരിശ്രമിക്കാൻ തുടങ്ങി.എന്നാൽ തുടക്കം ഫലം കണ്ടില്ല. 1881 ഫെബ്രുവരിയിൽ താനൊരു ആന്ത്രാക്സ് വാക്സിൻ കണ്ടെത്തിയെന്ന് ലൂയി പാസ്ചർ പ്രഖ്യാപിച്ചു.എങ്കിൽ അക്കാര്യം പരസ്യമായി തെളിയിക്കാൻ

പാസ്ചർ തയ്യാറാകണമെന്നാവശ്യപ്പെട്ട് മറ്റൊരു മൃഗഡോക്ടർ മുന്നോട്ടുവന്നു.പാസ്ചർ ആ വെല്ലുവിളി സ്വീകരിച്ചു1881 മെയ് അഞ്ചിന് 50 ആടുകളിൽ പാസ്റ്റർ പരീക്ഷണം നടത്തി.25 ആടുകളിൽ ആന്ത്രാക്സ് വാക്സിൻ കുത്തിവച്ചു.കുത്തിവെച്ച ആടുകൾക്ക് രോഗം വരില്ല എന്ന് ആയിരുന്നു പാസ്റ്ററുടെ പ്രവചനം.ദിവസങ്ങൾ കഴിഞ്ഞു ജൂൺ രണ്ടിന് ശാസ്ത്രജ്ഞരും മാധ്യമപ്രവർത്തകരും അടങ്ങുന്ന വലിയ സംഘം ആടുകളെ പരിശോധിച്ചു പാസ്റ്ററുടെ പ്രവചനം ശരിയായിരുന്നു വാക്സിൻ ലഭിച്ച ആടുകൾ രോഗത്തെ അതിജീവിച്ചപ്പോൾ അല്ലാത്തവ മിക്കവാറും ആന്ത്രാക്സിന് കീഴടങ്ങിയിരുന്നു.പാസ്ചറുടെ അടുത്ത പോരാട്ടം പേപ്പട്ടികൾക്കെതിരെ ആയിരുന്നു അക്കാലത്ത് പേവിഷബാധ വലിയ ഭീഷണി ആയിരുന്നില്ല രോഗങ്ങളുള്ള പട്ടിയുടെ കടിയേറ്റാൽ തന്നെ രോഗം പുറത്തുചാടാൻ മാസങ്ങളെടുക്കും . ഒരിക്കൽ രോഗ ലക്ഷണം കാണിച്ചു തുടങ്ങിയാൽ പിന്നെ രോഗിക്ക് ഒന്നെ പ്രതീക്ഷിക്കേണ്ടതുള്ളൂ മരണം കാരണം അന്ന് അതിന് മരുന്നില്ലായിരുന്നു. അങ്ങനെ 1884 - ൽ പേവിഷ ബാധയ്ക്കെതിരെ അദ്ദേഹം പ്രതിരോധമരുന്ന് വികസിപ്പിച്ചു. അദ്ദേഹം ആ മരുന്ന് തൻറെ അടുത്ത് അഭയം തേടിയെത്തിയ പേവിഷബാധിതരിൽ പരീക്ഷിച്ചു.മനുഷ്യരിൽ ഈ തന്ത്രം വിജയിച്ചതോടെ പാസ്റ്റർ ചരിത്രം കുറിച്ചു.വർഷങ്ങൾ നീണ്ട ഗവേഷണ കാലത്ത് ശ്രദ്ധേയമായ കണ്ടെത്തലുകൾ പലതും നടത്തിയിട്ടുണ്ടെങ്കിലും പേപ്പട്ടിവിഷത്തിന് പ്രതിരോധ മരുന്ന് കണ്ടുപിടിച്ച വ്യക്തി എന്ന നിലയിലാണ് ചരിത്രം ലൂയി പാസ്ചറെ ഓർക്കുന്നത്.ജോൺ മെയ്സ്റ്റർക്കു ശേഷം ഒന്നര വർഷത്തിനിടയിൽ പേവിഷബാധയേറ്റ ഏതാണ്ട് 2500 പേര് പാസ്റ്ററുടെ വാക്സിൻ രക്ഷിച്ചു.പിന്നീടങ്ങോട്ട് എണ്ണിയാലൊടുങ്ങാത്തത്ര രോഗികൾ പാസ്ചറുടെ മരുന്നിലൂടെ ജീവിതത്തിലേക്ക് മടങ്ങി വന്നു.പാസ്ചറുടെ ഗവേഷണങ്ങൾ രോഗപ്രതിരോധശേഷിയെ കുറിച്ചുള്ള ഇമ്മ്യുണോളജി എന്ന വൈദ്യശാസ്ത്ര ശാഖയ്ക്ക് തുടക്കമിട്ടു .അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മാനിച്ച് ഫ്രഞ്ച് സർക്കാർ പാസ്ചർക്കായി വലിയൊരു ഗവേഷണ കേന്ദ്രം സ്ഥാപിക്കാൻ പദ്ധതിയിട്ടു.പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന് പേരിട്ട ആ സ്ഥാപനം 1888-ൽ പൂർത്തിയായി.എന്നാൽ വിടാതെ പിടികൂടിയ പക്ഷാഘാതം കാരണം അതിനോടകം അവശനിലയിലായ പാസ്ചർക്ക് തന്റെ സ്വന്തം സ്ഥാപനത്തിൽ മതി വരുവോളം പഠനങ്ങൾ നടത്താനായില്ല .എങ്കിലും പാസ്ചറുടെ അനുയായികൾ, അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ പാസ്ചർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഗവേഷണങ്ങൾ തുടർന്നു.അക്കാലത്തെ മറ്റൊരു മാരക പകർച്ചവ്യാധിയായ ഡിഫ്ത്തീരിയയ്ക്കെതിരെ അവർ പ്രതിരോധമരുന്ന് കണ്ടെത്തി.1894 വീണ്ടും ഉണ്ടായ പക്ഷാഘാതത്തിൽ നിന്ന് പിന്നീടൊരിക്കലും പാസ്ചർക്ക് മോചനമുണ്ടായില്ല.ഭാര്യയും മക്കളും കൊച്ചുമക്കളുമെല്ലാം പരിചരിച്ചു കൊണ്ട് ഒപ്പമുണ്ടായിരുന്നിട്ടും. 1895 സെപ്റ്റംബർ 28-ന് ആ മഹാ ശാസ്ത്രജ്ഞൻ അന്ത്യശ്വാസം വലിച്ചു.

ലക്ഷ്മി പി.എം

9 c

കാർമ്മൽ മാതാ ഹൈസ്കൂൾ മാങ്കടവ്

# കാർമേഘം

മനം പോലെ മാനവും

ഇരുളുന്നു വീണ്ടും

പെയ് തൊഴിയൊഴിയുന്നില്ല

ഒരു തുള്ളിപ്പോലും....

ഘനമേറെയാണതാനും....

ആർത്തലച്ച പെയ്യണം

ലഘുവായ് വീണ്ടും–

വാനിലേക്കുണർന്നുയരാൻ

ഈ ചക്രമിതുപോൽ തുടരുവാൻ

–പ്രണവ് രാജേഷ്

# ബുദ്ധനും ആട്ടിൻക്കുട്ടിയും

ബുദ്ധാ  ഞാനാട്ടിൻകുട്ടി
കല്ലേറുകൊണ്ടിട്ടെന്റെ കണ്ണുപോയ്
നിൻ  ആൽത്തറകാണുവാനൊട്ടുംവയ്യ
കൃപാധാമമേ ബുദ്ധാ,കാണുവാനൊട്ടുംവയ്യ
പ്രഭാതാരവും എന്നെ തെളിച്ച പുൽപ്പാതയും
ഇടയൻ  നഷ്ടപ്പെട്ട കുഞ്ഞാടാണല്ലോ,യിനി
തുണ നീ മാത്രം  ബുദ്ധാ
അലിവിന്നുറവ്വ നീ
കണ്ണിലെച്ചോര  വീഴും പാതയിൽ നീ നിൽക്കുമോ
കണ്ണിനെച്ചുംബിച്ചെന്നെ തോളിലേറ്റുമോ,നിന്റെ
കണ്ണിന്റെ കനിവെല്ലാം കാണുവാൻ കഴിയുമോ?
മുള്ളുകൾ തറയ്ക്കുന്നു കാലുകൾ മുടന്തുന്നു
വിണ്ണിലേക്കുയരുന്ന വൈഖരി പോലെ നിന്റെ
പൊന്നുവാഗ്ദാനം വീണ്ടും കേൾക്കുമോ തഥാഗതാ!
മിണ്ടാത്ത നിൻ വെങ്കല പ്രതിമയെങ്ങാണാവോ
മണ്ട ഞാൻ പൊട്ടിച്ചെന്റെ കുരുതി സമ്മാനിക്കാം
കാരുണ്യമോ, കരസ്പർശമോയേൽക്കാതേ നിൻ
പേരുവിളിച്ച കൊണ്ടെൻ ചോരക്കണ്ണുടയവേ,
പുൽക്കൊടിത്താഴ്വരകൾ കാതിൽപ്പറഞ്ഞുയന്നെ
കല്ലെറിഞ്ഞവനൊരു സിദ്ധാർത്ഥനെന്ന കുട്ടി.

അബിദാൻ അബ്രാഹം ഐസക്ക്

## THE MAGIC MIRROR

On a rainy afternoon, having nothing to do, Ammu and brother Arun were bored. So they sat looking out at the

rain to pass time, they decided to explore the attic of their home. The attic was dark and dusty. They came across a mirror which was surprisingly clean and shiny. While they looked at their reflection in it, the old grandfather clock in the attic struck five

That's weird, Arun said I thought the clock was junk. They felt the mirror was calling them. Arun stretched his hand towards the mirror. His hands went right through the mirror us at if were water. He with drew his hand hastily they looked at each other in amazement. Shall we step in to the mirror arm asked. Ammu nodded. One, two, three... the stepped in to the mirror.

Suddenly they found themselves in a forest. It was quit dark. The leaves of the trees over head blocked the sunlight. it's just like in books where something magical happens. Said, Arun,
It's so exciting.

They formed their way out of the

forest in to fields of blue and red

flowers. Butterflies were filling from flower to flower. The field were lit by the evening sum. Standing in the field has a white horse with silver wings. Wow it's Pegasus, the winged horse! Explained Ammu. They walked towards it and Pegasus raised its head. Who are you? Asked Pegasus. Arun answered shyly. I am Arun and this is Ammu.; Pegasus looked at them curiously. Where did you come from? Pegasus asked. We come through a magic mirror. said Ammu. Well that would have been exciting said Pegasus. It will soon be dark. I had better go home; said Pegasus. Can we came too? Asked the children of course, climb on to my back Pegasus said. they scrambled on to Pegasus back. they they scared through the air and finally landed on soft, warm grass under a big tree.

They them flow through a forest a field and over a hill to a cottage. Ammu in blue robe opened the door and asked them to follow him. They followed him into a room where they saw a mirror. It looked exactly like the mirror in their attic. Step into the mirror and you'll be home' said Pegasus. The children thanked Pegasus. They stepped into the mirror and found themselves back in the attic

it was still raining. Arun looked at Ammu and said that was the most exciting adventure we have ever had! 'yes, really!

Ammu said. They heard their mother calling them. They got down from the attic and walked into the kitchen just in time for dinner. They told their mother about their adventure. But she did not believe it. When they went to bed they dreamed of going through the mirror and having more exciting adventures.

Edwin George


" നിങ്ങളുടെ വാക്കുകൾ
നിശബ്ദതയെക്കാൾ നല്ലതെങ്കിൽ മാത്രം
സംസാരിക്കുക. "




പെലെ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന എഡ്സൺ അരാഞ്ചസ് ഡോ നാസിമെന്റോ (ഒക്ടോബർ 23, 1940-29 ഡിസംബർ 2022) ലോകം കണ്ട ഏറ്റവും മികച്ച ഫുട്ബോൾ കളിക്കാരിൽ ഒരാളാണ്. ആക്രമണ ഫുട്ബോളിന്റെ സൗന്ദര്യമാർന്ന ശൈലി ലോകത്തിനു കാട്ടിക്കൊടുത്ത അദ്ദേഹത്തെ കറുത്ത മുത്ത് എന്നാണ് ലോകം വിളിക്കുന്നത്. പന്തടക്കത്തിലും ഇരുകാലുകൾക്കൊണ്ടുമുള്ള ഷൂട്ടിങ്ങിലും അവസരങ്ങൾ ഗോളാക്കി മാറ്റുന്നതിലും പെലെ വലിയ മികവു പ്രകടിപ്പിച്ചിരുന്നു . ആയിരത്തിലേറെ ഗോളുകൾ സ്വന്തം പേരിൽക്കുറിച്ച പെലെ, മൂന്നു തവണ ബ്രസീലിന് ലോകകപ്പ് നേടിക്കൊടുത്തു.പെലെ അഭിനയിച്ച സിനിമയാണ "Escape to Victory"(1981)[1] ടാതെ നിരവധി അഭിനയ, വാണിജ്യ സംരംഭങ്ങളും നടത്തിയിട്ടുണ്ട്. 2010 ൽ ന്യൂയോർക്ക് കോസ്മോസിന്റെ ഓണററി പ്രസിഡന്റായി അദ്ദേഹത്തെ തിരഞ്ഞെടുത്തു . 2022 ഡിസംബർ 29 ന് അന്തരിച്ചു.

നെബുഹാൻ സുനീർ

# അറിവിൻ വെളിച്ചം

അറിവായ് നിറവായ് കൂടെയുണ്ട്
അവർ അഭയ തണൽ പോലെ കൂടെ നിന്നു
ആദ്യമായ് അമ്മയെന്നെഴുതി പഠിപ്പിച്ചു
അമ്മയാണെല്ലാം പകർന്നുതന്നു
മധുരമാം ഓരോ അക്ഷരമിഠായി
ആദ്യമായി എൻ നാവിൻ ചൊല്ലിതന്നു
ജീവിതപാതകൾ ഓരോപടിയായി
കേറുവാനെന്നെ പഠിപ്പിച്ചവർ
ഇരുളിൽ വെളിച്ചമായ് അണയാത്ത ദീപമായ്
എന്നും കൂടെയുണ്ടാകുമവർ
ദൂരെയാവിണ്ണിലെ നക്ഷത്ര മാലപോൽ
അവരെന്നെന്നും എൻ കൂടെയുണ്ട്
ഒരിക്കലും മായാത്ത ഓർമ്മയായ്
എന്നുള്ളിൽ എന്നുമുണ്ടാകുമെന്നധ്യാപകൻ

–ഫിദ ഫാത്തിമ 8C



# വെളിച്ചം

കിഴക്കുനിന്നും ഉദിച്ചുപൊങ്ങി
ജ്വലിച്ചു നില്ക്കും സൂര്യൻ
സൂര്യനുദിക്കും നേരത്തെ
കോഴി കൂവും സമയത്ത്
കണ്ണുതുറക്കുന്നു നമ്മൾ
വേല തുടങ്ങുന്നു
സൂര്യൻ കടലിൽ മുങ്ങുമ്പോൾ
വിളക്കു കത്തും വീടുകളിൽ ഒരു
പകൽ മുഴുവൻ
പണിചെയ്തെന്നാൽ വിശ്രമജീവിതമെന്തു സുഖം!

-അജോ സജീവ് 8



# കൂട്ടുകാർ

മലയിടാം കുന്നിന്റെ താഴെയുള്ള ഒരു ഗ്രാമമാണ് മംഗലാപുരം.അവിടെ താമസ്സിക്കുന്നവരാണ് വിമലും,അമലും,രാജുവും,രാമനും.ഇവർ വലിയ കൂട്ടുകാരാണ്.മലയിടാം കുന്ന് വളരെ വിചിത്രവും ഭയാനകവും അപകടകാരിയും ആയകുന്നാണ്.ആ കുന്നുകേറാൻ പോയവരാരും തിരിച്ചുവന്നിട്ടില്ല.ഒരു ദിവസം വിമലും കൂട്ടുകാരും ആ കുന്നു കയറാൻ തീരുമാനിച്ചു.ആ വിവരം വിമൽ അമ്മയോട് പറഞ്ഞു.അങ്ങോട്ട് പോവാൻ പാടില്ല അത് അപകടമാണ് എന്ന് പറഞ്ഞു.അവൻ കൂട്ടുകാരോട് അമ്മ പറഞ്ഞ വിവരങ്ങൾ പറഞ്ഞു.രാമൻ പറഞ്ഞു അത് ചുമ്മ പറഞ്ഞതായിരിക്കുമെന്ന്.നമ്മുക്ക് ആരും ഇല്ലാത്തപ്പോൾ ആ കുന്ന് കയറാൻ പോകാം എന്ന് പറഞ്ഞു. അങ്ങനെ ആരുമില്ലാത്ത ദിവസം അവർ ആ കുന്ന് കയറാൻ പോയി.കുന്നുകയറി പാതിയെത്തിയപ്പോൾ ഒരു വിചിത്രവും ഭയാനകുമായ ശബ്ദം കേട്ടു.വിമലിന് ചെറിയ ഭയം തോന്നി.അവൻ പറഞ്ഞു നമ്മുക്ക് തിരിച്ചുപോവാം എന്ന്.രാമൻ പറഞ്ഞു അത് ഏതെങ്കിലും മൃഗമായിരിക്കും എന്ന്.ഞങ്ങൾ ഈ  കുന്ന് കയറുകയാണ് നീ വേണമെങ്കിൽ പോക്കോളൂ.മനസ്സില്ലാമനസ്സോടെ തന്റെ കൂട്ടുകാരെ ഒറ്റക്കാകാതെ അവനും അവനും കൂടെ പോയി.അവർ അങ്ങനെ മുകളിൽ എത്തി.സമയം പോയത് അവർ അറിഞ്ഞില്ല.പെട്ടെന്ന് അവിടെ ഇരുണ്ട് മൂടി.വിമൽ പറഞ്ഞു വൈകുന്നേരത്തിനു മുമ്പ് വീട്ടിലെത്തണമെന്ന്.ഇലെങ്കിൽ അമ്മ വഴക്കു പറയും എന്ന്.എല്ലാവരും കൂടി കുന്നിറങ്ങാൻ തുടങ്ങി.അവിടെവെച്ച് ഒരു കല്ലിൽ ചവട്ടിയപ്പോൾ വലിയ ഒരു കുഴിയിൽ രാമനും,രാജുവും,അമലും വീണു.ഒറ്റയ്ക്ക് എന്തു ചെയ്യണമെന്നറിയാതെ വിമൽ ഭയപ്പെട്ട് നിൽക്കുകയാണ്.അവർ ഒരു കമ്പിൽ തൂങ്ങിനിൽ–

ക്കുകയാണ്.താഴെ വീണാൽ അവരും താഴെ വീഴും തന്റെ ഭയം മാറ്റി വച്ച് കൂട്ടുകാർക്ക് വേണ്ടി ഒരു  കയർ തേടി അവൻ നടന്നു.അവസാനം ഒരു കയർ അവന് കിട്ടി.അവൻ അവരുടെ അടുത്തേക്ക് ഓടി.ഓടുന്നതിനിടയിൽ ഒരു കല്ലിൽതട്ടി അവൻ വീണു.അവന്റെ ശരീരം  മുഴുവൻ മുറിഞ്ഞു.തന്റെ കൂട്ടുകാർക്ക് കയർ ഇട്ടുകൊടുത്തു.അവർ അതിൽ പിടിച്ചു കയറി.അവർ അവനോട് ക്ഷമ പറഞ്ഞു.നീ പറഞ്ഞത് ഞങ്ങൾ കേട്ടിരുന്നെങ്കിൽ ഞങ്ങൾക്ക് ഇങ്ങനെ വരുകിലാർന്നു.വിമൽ പറഞ്ഞു.അത് സാരമില്ല നമുക്ക് വേഗം ഈ കുന്ന് ഇറങ്ങാം അവർ അങ്ങനെ ആ കുന്നിറങ്ങി.

നോക്കു വിമലിന് തന്റെ കൂട്ടുകാരോടുള്ള സ്നേഹം.മുതിർന്നവർ പറയുന്ന കാര്യങ്ങൾ നമ്മൾ വിവേകത്തോടെ കൈകാര്യം ചെയ്യില്ലെങ്കിൽ ഇങ്ങനെ നമ്മളും വലിയ ചതികുഴിയിൽ ചെന്നുപെടും.ഒരു കാര്യം ചെയുമ്പോൾ പല തവണ അതിനെ കുറിച്ച് ആലോചിക്കണം.

–അഭിഷേക് കെ.എം





*Sometimes the greatest Love is simply To let go*

SONNET BABU

# പാത്തുമ്മയുടെ ആട്

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രശസ്തമായ നോലവാണ് പാത്തുമ്മയുടെ ആട്

ബഷീറിന്റെ ഒരു കൂട്ടകുടുംബമാണ്.ഒരു കൂട്ടകുടുംബത്തിൽ കൊച്ചു വർത്തമാനങ്ങളും പിണക്കങ്ങളും ആ പിണക്കങ്ങളെല്ലാം ക്ഷണ നേരത്തിൽ മായിച്ചുക്കളയുന്ന സാഹോദര്യസ്നേഹത്തെക്കുറിച്ച് ബഷീർ പറയുന്നു.പാത്തുമ്മയുടെ ആടിനെ പരസ്യമായി വഴക്കു പറയുകയും അതിനെ അജസുന്ദരി എന്ന് വിളിക്കുകയും പിന്നീട് ആട് പെറ്റ് കഴിയുമ്പോൾ മറ്റാരെക്കാളും കരുതൽ കാണിക്കുകയും ചെയ്യുന്നതിലൂടെ ബഷീറിന്റെ സ്വഭാവം നമ്മുക്ക് മനസിലാക്കാം.കണ്ണിനെ പൊട്ടിചിരിയാക്കി മാറ്റുന്ന രാസ്യവിദ്യ ബഷീറിനു സ്വന്തം.



**മുഹമ്മദ് അമീൻ.ജെ**

## പ്രകൃതി വർണ്ണങ്ങൾ

പച്ചപ്പട്ട് വിരിച്ചതുപോലൊരു
പ്രഭയേറുന്ന പുൽതകിട് പിച്ചി,
താമര, പൂക്കൾ വിടർത്തും
സുഗന്ധമടങ്ങിയ നിറപ്പകിട്ട്
നല്ലൊരു ചിത്രം
വരച്ചതുപോലൊരു പ്രഭയേറും
നിറമുള്ള വർണ്ണങ്ങൾ
എവിടെത്തിരിഞ്ഞൊന്നുനോക്കിയാ
ലും വർണ്ണങ്ങൾ നിറച്ചൊരു
പ്രകൃതിഭംഗി ഉരുണ്ടുണ്ടൊരു
കല്ലുണ്ട് അതിൽ നിറയെ
വെളുത്തൊരുകൊക്കുണ്ട് അതിൽ
കവി നിറമുള്ള ചിത്രമുണ്ട്
പച്ചിലയുള്ളൊരു മാവുണ്ട് 4

ആ മാവിൽ സ്വാദേറും പച്ച
മാങ്ങയുണ്ട് ധര നീലയാക്കും
നീലാകാശം പറവകൾ പറക്കുന്നു
മഞ്ഞ നിറമുള്ള സൂര്യനുണ്ട് ആ
സൂര്യൻ നയിക്കും ജനതയുണ്ട്
വനത്തിൽ നിറയും ചെഞ്ചുമപ്പ്
ആരുവിടർത്തുന്നൊരു നിറപ്പകിട്ട്
അപ്പോൾ വരുന്നിതാ കറുത്ത
നിറമുള്ള മേഘങ്ങൾ ആ മേഘം
പരത്തിയ വർണ്ണങ്ങൾ മയക്കുന്നു
നമ്മിലെ വർണ്ണങ്ങൾ

ഇഗ്നേഷ്യസ് റെന്നി 9B



# കടങ്കഥകൾ

1. ഞാൻ പെറ്റ കാലം മീൻ പെറ്റ പോലെ വാലറ്റ കാലം ഞാൻ പെറ്റ പോലെ – തവള

2. എട്ടെല്ലെൻ കുട്ടപ്പൻ ഒറ്റക്കാലൻ – കുട

3. അകന്നു നിന്ന് നോക്കിക്കാണും
കണ്ടതെല്ലാം ഉള്ളിലാക്കും – ക്യാമറ

4. മുള്ളുണ്ട് മുരിക്കല്ല
കയിപ്പുണ്ട് കാഞ്ഞിരമല്ല
വാലുണ്ട് വാനരനല്ല – പാവയ്ക്ക

5. അകത്തിരുപ്പോനെ പുറത്തുകാട്ടും ചങ്ങാതി – മുഖം

6. ആരോടും പോരാടും ചൂടൻ
വെള്ളം കണ്ടാൽ പരുങ്ങും – തീ

7. ആദ്യം കുന്തം പിന്നെ കുഴൽ പിന്നെ പായ– വാഴ

8.ആറ്റിൽ നിന്ന് ഒന്നെടുത്തു ഒന്നിനെ മൂന്നാക്കി മൂന്നിൽ നിന്ന് രണ്ടെടുത്തു
രണ്ടിനെ നൂറാക്കി – കാക്ക

9. അച്ഛൻ സൂര്യൻ അമ്മ കടൽ
കുടിൽ തൊട്ട് കൊട്ടാരം വരെ
പ്രവേശനമുള്ള ഇത്തിരി കുഞ്ഞൻ – ഉപ്പ്

10. അന്തിയാവോളം അകത്തോ പുറത്തോ
അന്തിയായാൽ പുറത്തു തന്നെ - വാതിൽപ്പടി

11. പിന്നാലെ വന്നവൻ മുന്നാലേപോയി - പല്ല്

12. വെളുക്കുമ്പോൾ കറക്കും
കറക്കുമ്പോൾ വെളുക്കും - പാൽ

13. കറിക്ക് മുൻപൻ
ഇലക്ക് പിൻപൻ - കറിവേപ്പില

14. വെള്ളത്തിൽ ജനിച്ച് വായുവിൽ വളർന്നവൻ - കൊതുക്

15. അകത്ത് തിരിയിട്ട് പുറത്ത് മുട്ടയിട്ട് - കുരുമുളക്

16. വെള്ളമില്ലാ ആഴിയിൽ ആളില്ലാ വള്ളം - ചന്ദ്രൻ

17. അങ്ങേലെ ചങ്ങാതിക്ക് ഊണുകഴിഞ്ഞാൽ
കായ്ക്കാത്ത പൂക്കാത്ത ചെടിയുടെ ഇലവേണം ഏതാണാ
ഇല - വെറ്റില

18. ഉറക്കമുണ്ട് പക്ഷേ കണ്ണടക്കില്ല - മീൻ

19. ഉണ്ടാക്കാൻ പാട് ഉണ്ടാക്കിയാൽ ഒടുങ്ങില്ല
കൊടുത്താൽ ഇരട്ടിക്കും - അറിവ്

20. അപ്പം പോലെ ഉടലുണ്ട്
അല്പം മാത്രം തലയുണ്ട് - ആമ

21. അച്ചെടി കൊമ്പത്തൊരു തുടം ചോര - ചെമ്പരത്തി

22. ആനയെ തട്ടാൻ തടിയുണ്ട്
ജീരകം പൊതിയാൻ ഇലയില്ല - പുളി മരം

23. പച്ച വെട്ടി വെള്ള കണ്ടു വെള്ള വെട്ടി
പാറകണ്ടു പാറ വെട്ടി വെള്ളം കണ്ടു - തേങ്ങ

# The Twinkling Stars

There was a boy named Tony he lived in New York.

In every night he would go to balcony and look

towards the sky

using his telescope. To see the twinkling stars up in the

sky

and wished to be with them. Then he shared his wish

with his mother. When she heard this she laughed and

said you are my

"Twinkling star"

*shon chacko shiby 9 b*



# ഭൂമി

ഭൂമി എൻ അമ്മ

ഭൂമി എൻ അമ്മ സർവസഹനിയായ ഭൂമി

ദേവി...

ഭൂമിയെ വെട്ടി പിളർക്കുന്ന

ദുഷ്ടകോമരങ്ങൾ .

ഭൂമിയെ ചുട്ടുക്കരിക്കുന്ന

കോൺക്രീറ്റ് സൗദങ്ങൾ

ഭൂമി തൻ മാറിൽ പാർക്കുന്ന നമ്മെല്ലാം .

ഭൂമിയെ കരുതിടാം ഭൂമിയെ

കരുതിടാം.....

ഒരു നല്ല നാളെക്കുവേണ്ടി...

-അഭിനവ് എൻ.പി



# വെളിച്ചം

കിഴക്കുനിന്നും ഉദിച്ചുപൊങ്ങി
ജ്വലിച്ചു നില്ക്കും സൂര്യൻ
സൂര്യനുദിക്കും നേരത്തെ
കോഴി കൂവും സമയത്ത്
കണ്ണുതുറക്കുന്നു നമ്മൾ
വേല തുടങ്ങുന്നു
സൂര്യൻ കടലിൽ മുങ്ങുമ്പോൾ
വിളക്കു കത്തും വീടുകളിൽ ഒരു
പകൽ മുഴുവൻ
പണിചെയ്തെന്നാൽ വിശ്രമജീവിതമെന്തു
സുഖം!



അജോ സജീവ്

# വിദ്യാഭ്യാസത്തിൽ മാതൃഭാഷക്കുള്ള സ്ഥാനം

മനുഷ്യജീവിതത്തിൽ ഉന്നതമായ സ്ഥാനം നൽകേണ്ട ഒന്നാണ് വിദ്യാഭ്യാസം ഒരുവൻ നേടിയെടുക്കുന്ന സകല കഴിവുകളുടെയും വികാസം സാധ്യമാകുന്നത് വിദ്യാഭ്യാസത്തിലൂടെയാണ് വിദ്യാ ഭ്യാസം എന്ന് പറയുന്നത് ജീവിതത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയുള്ള തയ്യാറെടുപ്പാണ് മനുഷ്യൻ വിദ്യാഭ്യാസത്തിലൂടെ പലതും സ്വീകരിക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നു വിദ്യാഭ്യാസം എന്ന പ്രക്രിയയിലൂടെ പരീക്ഷ വിജയവും ഉദോഗ്യലഭ്യവും മാത്രമല്ല വിദ്യാഭ്യാസത്തിന് പ്രധാന ഉദ്ദേശങ്ങൾ നാം മാതൃഭാഷാഭിമാനികളും സ്വരാജ്യ സ്നേഹികളും ആയിതീരുന്നതിന് വിദ്യാഭ്യാസത്തിൽ പ്രമുഖസ്ഥാനം മാതൃഭാഷക്ക് നൽകണം ഇന്ന് നാം സ്വതന്ത്രരാണ് നമ്മുടെ പുരാതന സംസാരത്തെയും ആദർശത്തെയും സംരക്ഷിക്കാൻ മാത്രഭാഷ വിജ്ഞാനം അത്യന്താവേക്ഷിതമാണ് മാതൃഭാഷയായ മലയാളത്തിന് മറ്റു ഭാഷകളോട് ഒപ്പം നിൽക്കാൻ ഉള്ള എല്ലാ ഗുണശേഷങ്ങളും ഉണ്ട്

**ബേസിൽ സജി**





# യാത്രാവിവരണം

വെളുപ്പിനെ 5 മണിക്ക് ഞാനും കുടുംബാഗങ്ങളും ചേർന്ന് ടിപ് പോയി. പോകുന്ന വഴിയിൽ ഒരു ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചു.10:00 മണി ആയപ്പോൾ തണ്ണീർമുക്ക് ബണ്ട് കാണാൻ ഇറങ്ങി.ഞങ്ങൾ ഹൗസ് ബോട്ടിൽ കയറി ഉച്ചഭക്ഷണം കഴിച്ചു.പോകുന്ന വഴിയിൽ താമരകളും,കാക്ക വരുന്നതും കണ്ടു.എല്ലാം കഴിഞ്ഞ് 5.00 മണി ആയപ്പോൾ വണ്ടിയുടെ അടുത്ത് എത്തി.പള്ളികളിൽ കയറി പ്രാർത്ഥിച്ചു. 9.00 മണി ക്ക് അത്താഴം കഴിച്ചു.2.00 മണി ആയപ്പോൾ വീട്ടിൽ എത്തി.

–ബ്ലെസ്സിമോൾ തോമസ്

# മണ്ടൻ നരി

ഒരിടത്ത് ഒരു പറ്റം ആടുകൾ
താമസിച്ചിരുന്നു.മീനുവിന് അഞ്ച് മക്കൾ
ഉണ്ടായിരുന്നു.ആ കൂട്ടത്തിൽ ഒരു
ബുദ്ധിമതിയായ കുട്ടിയുമുണ്ടായിരുന്നു.ഒരു
ദിവസം മീനു പുറത്തു പോകുവാൻ
തീരുമാനിച്ചു.മീനു തന്റെ മക്കളോട് ആരു
വന്നാലും വാതിൽ തുറക്കരുത് എന്ന്
നിർദ്ദേശിച്ചു.അതേ സമയം ഇത് കേട്ടുകൊണ്ടു
ഒരു കുറുക്കൻ നിൽ-
ക്കുന്നുണ്ടായിരുന്നു.കുറുക്കൻ വാതില്ലിന്റെ അടുത്ത്
ചെന്നു പറഞ്ഞു മക്കളെ ഇത് ഞാൻ ആണ്
വാതിൽ തുറക്കൂ.കുട്ടികൾ പറഞ്ഞു ഇതു ഞങ്ങളുടെ
അമ്മയുടെ സ്വരം അല്ല.കുറുക്കൻ സ്വരം മാറ്റി
വീണ്ടും പറഞ്ഞു നോക്കി.കുട്ടികൾ കാൽ
കാണിക്കാൻ പറഞ്ഞു.കാൽ കണ്ട കുട്ടകൾ
പറഞ്ഞു ഇതല്ല അമ്മയുടെ കാലിന്റെ നിറം
എന്ന്.കുറുക്കൻ കാലിൽ കുറച്ച് മൈദ ഇട്ടിട്ട്
കാൽ കാണിച്ചു .കുട്ടികൾ വാതിൽ
തുറന്നു.കുറുക്കൻ നാല് കുട്ടികളെ പിടിച്ച്
വിഴുങ്ങി.ബുദ്ധിയുള്ള കുട്ടി അമ്മയുടെ
അടുത്ത് ചെന്ന് എല്ലാം പറഞ്ഞു.മീനു
കുറുക്കൻ കിടന്നുറങ്ങികൊണ്ടിരുന്ന
സമയത്ത് മീനു കുറുക്കന്റെ വാ
തുറന്ന് കുട്ടികളെ പുറത്തെടുത്ത്
കുറെ കല്ല് ഇട്ടു.കുറുക്കൻ
വെള്ളം കുടിക്കാൻ

**-രജിനി.ആർ**

# പ്രകൃതി വർണ്ണങ്ങൾ

പച്ചപ്പട്ട് വിരിച്ചതുപോലൊരു
പ്രഭയേറുന്ന പുൽതകിട് പിച്ചി,
താമര, പൂക്കൾ വിടർത്തും
സുഗന്ധമടങ്ങിയ നിറപ്പകിട്ട്
നല്ലൊരു ചിത്രം വരച്ചതുപോലൊരു
പ്രഭയേറും നിറമുള്ള വർണ്ണങ്ങൾ
എവിടെത്തിരിഞ്ഞൊന്നുനോക്കി
യാലും വർണ്ണങ്ങൾ നിറച്ചൊരു
പ്രകൃതിഭംഗി ഉരുണ്ടുണ്ടൊരു
കല്ലുണ്ട് അതിൽ നിറയെ
വെള്ളത്തൊരുകൊക്കുണ്ട് അതിൽ
കവി നിറമുള്ള ചിത്രമുണ്ട്
പച്ചിലയുള്ളൊരു മാവുണ്ട് 4

ആ മാവിൽ സ്വാദേറും പച്ച
മാങ്ങയുണ്ട് ധര നീലയാക്കും
നീലാകാശം പറവകൾ പറക്കുന്നു
മഞ്ഞ നിറമുള്ള സൂര്യനുണ്ട് ആ
സൂര്യൻ നയിക്കും ജനതയുണ്ട്
വനത്തിൽ നിറയും ചെഞ്ചുമപ്പ്
ആരുവിടർത്തുന്നൊരു നിറപ്പകിട്ട്
അപ്പോൾ വരുന്നിതാ കറുത്ത
നിറമുള്ള മേഘങ്ങൾ ആ മേഘം
പരത്തിയ വർണ്ണങ്ങൾ മയക്കുന്നു
നമ്മിലെ വർണ്ണങ്ങൾ

*Ignatious Renny*



# സൗഹൃദവും മാറിക്കൊണ്ടിരിക്കുന്ന ലോകവും

ആദ്യമായി സ്കൂളിൽ ചേരുന്ന നിമിഷം തൊട്ട് മരിക്കാൻ കിടക്കുമ്പോൾ വരെ നമ്മൾ ഓർക്കുന്ന ഒരുപാട് മുഖങ്ങൾ ഉണ്ടാകും എന്നാൽ ഒരിക്കലും മറക്കരുത് എന്ന് ഓർക്കുന്ന ഒരു കൂട്ടുകാരിയോ കൂട്ടുകാരനോ ഉണ്ടാവും.ഓർക്കുമ്പോൾ സന്തോഷം തരുന്ന കൂട്ടുകാർ. നമ്മൾ ഓരോ സ്ഥലത്തു ചെന്നാലും നമുക്ക് ഓരോ കൂട്ടുകാരെ കിട്ടും. LKG തൊട്ട് നാലാം ക്ലാസ് വരെ കുറെ കൂട്ടുകാർ ഉണ്ടാകും കാണുന്ന എല്ലാവരും കൂട്ടുകാരായിരിക്കും ആരെങ്കിലും കൂട്ടുകാർ ആരാണെന്ന് ചോദിച്ചാലും എല്ലാവരും എന്റെ കൂട്ടുകാരാണെന്ന് പറയും. എന്നാൽ അഞ്ചാം ക്ലാസിൽ ആദ്യമായി ചെന്നപ്പോൾ ആരും കൂട്ടുകാരായി ഇല്ലായിരുന്നു. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ ഒരുപാട് കൂട്ടുകാരെ കിട്ടി പിന്നെ അങ്ങോട്ട് അവരായിരുന്നു എന്റെ ലോകം.രാവിലെ 9 മണിക്ക് സ്കൂളിലേക്ക് എല്ലാവരും ഒരുമിച്ച് നടന്നു വരും പിന്നെ സ്കൂൾ തീരുന്ന നിമിഷം വരെ ഞങ്ങളെല്ലാവരും ഒരുമിച്ച് ആയിരിക്കും,നാലുമണിക്ക് സ്കൂൾ വിട്ട് എല്ലാവരും ഒരുമിച്ച് കളിച്ചും ചിരിച്ചും സന്തോഷത്തോടെ വീട്ടിലേക്ക് പോകുന്ന നിമിഷം കുറച്ചു വർഷം കൂടി കഴിഞ്ഞ് ഓർക്കുമ്പോൾ ജീവിതത്തിൽ സന്തോഷം തരുന്നതായിരിക്കും. കോവിഡ് കാരണം സ്കൂൾ അടച്ച് വീട്ടിൽ ഇരുന്നപ്പോൾ കൂട്ടുകാരെ ഒരുപാട് മിസ്സ് ചെയ്തു. കളിക്കാൻ ഒന്നും പോകാതെ വീട്ടിൽ തന്നെ ഇരുന്നു. വീട്ടിൽ നിന്ന് പുറത്തിറങ്ങിയപ്പോൾ ഞങ്ങൾക്കും വന്നു കൊറോണ. രണ്ടുവർഷം കഴിഞ്ഞ് സ്കൂളിലേക്ക് പോയപ്പോൾ എല്ലാ കാര്യങ്ങളിലും മാറ്റം ഉണ്ടായിരുന്നു അടുത്തിരിക്കുന്ന ആളോട് മിണ്ടാൻ ഫോൺ ചെയ്യുകയോ ചാറ്റ് ചെയ്യുകയോ



വേണം. കൂട്ടുകാരോടുള്ള സ്നേഹം മാറി ഫോണിനെ സ്നേഹിക്കാൻ തുടങ്ങി. പണ്ടുണ്ടായിരുന്ന നല്ല ഗുണങ്ങൾ മാറി മാതാപിതാ ഗുരു ദൈവം എന്ന് തത്വം മാറി ഇൻസ്റ്റാ, ഫേസ്ബുക്ക്, വാട്സ് ആപ്പ് എന്ന് തത്വമായി. ഫോൺ ഉപയോഗം നല്ലതുമുണ്ട് ചീത്തയും ഉണ്ട്. അത് നമ്മുടെ ഉപയോഗം പോലെ ഇരിക്കും. ഫോണിന്റെ ഉപയോഗം മൂലം നമ്മളുടെ ചുറ്റുപാടുകളിൽ നടക്കുന്നത് പോലും നാം ഓർക്കുന്നുണ്ടോ ഓരോ റിയൽസും കാണുമ്പോൾ സന്തോഷം തരും അത് യഥാർത്ഥത്തിൽ സന്തോഷം തരുന്നുണ്ടോ. ഈ ചുറ്റുപാടുകളിൽ നടക്കുന്നതൊന്നും അറിയുന്നില്ല ഈ ലോകം മുഴുവൻ ഫോണിനുള്ളിൽ ആണ് എഴുന്നേൽക്കുമ്പോൾ മുതൽ കിടക്കുമ്പോൾ വരെ ആർക്കെങ്കിലും പറയാൻ സാധിക്കുമോ നിങ്ങൾ ഫോൺ അഡിക്റ്റ് അല്ല എന്ന്. ഒരു നിമിഷമെങ്കിലും നിർത്തിവെച്ച് ചുറ്റും നടക്കുന്ന കാര്യങ്ങളിൽ കണ്ണോടിക്കാൻ കഴിയുമോ പഴയ കൂട്ടുകാരെ ഓർക്കൂ അടുത്തിരിക്കുന്നവരെ നോക്കി ഒന്ന് ചിരിക്കൂ നിങ്ങളുടെ മുൻപിൽ നടക്കുന്ന കാര്യങ്ങൾ അറിയൂ പ്രകൃതിയെ സ്നേഹിക്കൂ പ്രകൃതിയോട് കൂടി കൂടുതൽ നേരം നിൽക്കൂ. രാവും പകലും പ്രകൃതി ഒരുപാട് സന്തോഷം തരുന്നുണ്ട് അത് നാം കാണുന്നില്ല എന്ന് മാത്രം. നിങ്ങളുടെ ചുറ്റും തിരിഞ്ഞു നോക്കിയാൽ സന്തോഷം കാണാം അത് കാണാൻ നിങ്ങൾ ഒരിക്കലും ശ്രമിക്കാറില്ല ഈ ലോകത്തിൽ നിങ്ങൾക്ക് സന്തോഷിക്കാനും സന്തോഷിക്കാതിരിക്കാനും നിങ്ങൾക്ക് കഴിയും അത് നിങ്ങളാണ് തീരുമാനിക്കുന്നത്.

**സെലീന റെയ്ന മേരി IX A**

# MIRACLE OF LIFE



Once upon a time a beautiful girl lived in a village named Rosely. That village is beautiful in that country.Her mother was a heart patient one day her mother died.Her father was lost in her childhood. She has a friend whose name is Thoman.They are best friends.Rosely's wish is studying well but she has no money for study.She was very sad her dream is to be a teacher in a University.She prayed every day for her wish. She is very sad to share her feelings to anyone but yes one man that is Thoman. He is very kind to all and she shared her feelings to come to bed . He was a very beautiful artist but his parents were not interested and wanted him to concentrate on his studies. Rosely and Thoman were sawing near the village. Thoman taught Rosely to take her maximum effort to stop.

On day Rosely go to the church she meet a woman that woman look like her mother after she go to do everyday to church slowly that women and Rosy was friendship. After one week they are friends and after talking about her life and feeling.She had no money service, is studying but no money etc ... .and after telling someone women. One day Rosely was surprised reason for that woman was often is me I am very happy for I have a mother and I am go to studying in a big school thank god for blessed with me thank you my sweety mother I feel your presence in my life she said...

Alpha Binu IXB



## കാട്ടിനുള്ളിലെ ഒരു മരവും. ഒരു കുട്ടിയും.

പണ്ട് പണ്ട് ഒരു കാട്ടിൽ ഒറ്റപ്പെട്ട വളരെ മനോഹരമായ ഒരു മാവ് ഉണ്ടായിരുന്നു അത് എല്ലാവർഷവും ആ മാവിൽ കുറേ മാമ്പഴങ്ങൾ ഉണ്ടാകുമായിരുന്നു ആ മാവിന്റെ അടുത്ത് നിന്ന് കുറച്ച് ദൂരം പോയി കഴിഞ്ഞാൽ ഒരു കുട്ടിയുടെ വീട് ഉണ്ടായിരുന്നു അവൻറെ വീട് ഓലമേഞ്ഞതായിരുന്നു പിന്നെ ആ മാവിന്റെ അടുത്ത കൂട്ടുകാരൻ ആയിരുന്നു ആ കുട്ടി എല്ലാദിവസവും അവൻ ആ മാവിന്റെ അടുത്ത് പോകുമായിരുന്നു ഒരു ദിവസം ആ മാവിൻറെ അടുത്ത് അവൻ പോയപ്പോൾ എടുത്തു പറഞ്ഞു എന്നെ ഒരു വേട്ടക്കാരൻ വെട്ടി മാറ്റി കൾ ആക്കാൻ പോവുകയാണ് എന്നെ രക്ഷിക്കാമോ കൂട്ടുകാരാ അപ്പോൾ അവൻ പറഞ്ഞു ഞാൻ നിന്നെ രക്ഷിക്കാം കുറച്ച് ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആ വേട്ടക്കാരൻ അവിടെ കോടാലിയുമായി വന്നു അപ്പോൾ വേട്ടക്കാരൻ നടന്നുവന്ന ക്ഷീണത്തിൽ ആ വേട്ടക്കാരൻ അവിടെ വിശ്രമിച്ചു അപ്പോൾ ആ കാട്ടിൽ നിന്നും ഒരു ശബ്ദ്ദം കേട്ടു അപ്പോൾ അയാൾ അവിടെ പോയി നോക്കി അപ്പോൾ അവളുടെ കോടാലി കുട്ടി അവിടെനിന്ന് എടുത്തുകൊണ്ടുപോയി അത് എന്തിന്റെ ശബ്ദമാണെന്ന് നോക്കിയപ്പോൾ അയ്യാളുടെ കാൽ ഒരു കയറിൽ കുടുങ്ങി അപ്പോൾ തന്നെ അയാൾ മുകളിലേക്ക് ഉങ്ങി നിന്നു അപ്പോൾ കുട്ടി അവന്റെ അടുത്തേക്ക് വന്നു കുട്ടി പറഞ്ഞു. ഇവിടെ പുലി ഒക്കെ വരുന്നത്അ ഇവിടം വിട്ടു പൊയ്ക്കോളണം അല്ലെങ്കിൽ പുലി വന്നു നിന്നെ തിന്നും വേട്ടക്കാരൻ അഴിച്ചു വിട്ടതും വേട്ടക്കാരന്റെ ജീവനും കൊണ്ട് വേട്ടക്കാരൻ ഓടി.... .

Athinan Basheer 8A



## ഇനി വരുന്ന തലമുറയ്ക്ക് ഇവിടെ വാസം സാധ്യമോ ..?

കുമിഞ്ഞു കൂടുന്ന മാലിന്യങ്ങളുടെ അമിത ഭാരത്താൽ വീർപ്പുമുട്ടുകയാണ് നമ്മുടെ ഭൂമി. നമ്മൾ ഓരോരുത്തരും ജീവിക്കുന്ന ഈ ഒരു ലോകത്തെ ഏറ്റവും അധികം മലിനമാക്കി മാറ്റുന്നത് മനുഷ്യർ തന്നെയാണ് എന്ന സത്യം എത്ര ഒളിപ്പിച്ചാലും അതു മറക്കാൻ കഴിയാത്ത ഒരു സത്യം തന്നെയാണ്. ഈ പ്രകൃതിയോട് നാം ചെയ്യുന്ന എല്ലാ ക്രൂരതകളും നമ്മൾ സ്വയം മനുഷ്യവംശത്തെ തന്നെ നശിപ്പിക്കാൻ ഒരു കാരണമായി മാറും. മനുഷ്യരുടെ ഉപയോഗ സാധനങ്ങളായ ഭക്ഷണം, വെള്ളം ,ശ്വസിക്കുന്ന വായു ഇവയെല്ലാം തന്നെ മലിനമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ ലോകത്തിൽ വായു മലിനീകരണം കൊണ്ടുമാത്രം ലോകമെമ്പാടും ഓരോ വർഷത്തിലും ഒരു ദശലക്ഷത്തിലധികം മരണങ്ങളും മാരകരോഗങ്ങളും ഉണ്ടാവുന്നുണ്ട് എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ഈ ലോകത്തെ മുഴുവനായും നശിപ്പിക്കുന്നത് എങ്ങനെയാണെന്ന് കാര്യം നാം നിത്യവും കണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയാണ്. പ്രകൃതിയോട് നാം ചെയ്യുന്ന ഓരോ മോശപ്പെട്ട കാര്യങ്ങൾക്കും അതിൻറെ രണ്ടരട്ടി ശക്തിയോടെയാണ് പ്രകൃതി പ്രളയമായും മണ്ണിടിച്ചിലായും വരൾച്ചയായും ഭൂമികുലുക്കം എന്നിങ്ങനെ മനുഷ്യനെ കഷ്ടതയിൽ ആക്കുന്നത്. നമ്മൾ നേരിട്ട കൊറോണ പോലും ഇതിന്റെയെല്ലാം ഭവിഷ്യത്താണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കാടുകൾ വെട്ടി നിരത്തുകയും കായലുകൾ വറ്റിച്ച് മൂടിയും ഒക്കെ നമ്മൾ പടുത്തുയർത്തിയ വലിയ ബിൽഡിങ്ങുകളും വലിയ നഗരങ്ങളും എല്ലാം തന്നെ പരിസ്ഥിതി മലിനീകരണത്തിന്റെ മാരക പ്രശ്നങ്ങളെ ഏറ്റവും ദോഷകരമായി നേരിടേണ്ടി വരുന്നുണ്ട്. ഇങ്ങനെ പലതരത്തിലുള്ള പ്രകൃതിചൂഷണം മൂലം ഇനി വരും തലമുറയ്ക്ക് ഇവിടെ ജീവിക്കാൻ കഴിയുമോ എന്ന വലിയ ചോദ്യം നമ്മുടെ മുൻപിൽ ഉണ്ട് എങ്കിലും ശുഭാപ്തി വിശ്വാസത്തോടെ നല്ലനാളക്കായി നമുക്ക് കാത്തിരിക്കാം.

**Athulya Santhosh IX B**

# വർദ്ധിച്ചുവരുന്ന ആത്മഹത്യാപ്രവണത

പത്രങ്ങളിൽ സ്ഥിരം കോളം ആയി മാറിയിരിക്കുകയാണ് ആത്മഹത്യ.കേരളത്തിൽ ഒരു ദിവസം പത്തിൽ കൂടുതൽ ആത്മഹത്യകൾ നടക്കുന്നു എന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. യഥാർത്ഥത്തിലുള്ള എണ്ണം ഇതിലും കൂടുതലാണ്.ദിവസം കഴിയുന്തോറും ആത്മഹത്യ ചെയ്യുവാനുള്ള പ്രവണത വർധിക്കുന്നതായിട്ടാണ് കണ്ടുവരുന്നത്. ആത്മഹത്യയുടെ വക്കിലെത്തിയിട്ട് തിരിച്ചുവരുന്നവർ മരിക്കുന്നവരെക്കാൾ കൂടുതലാണ്. ആത്മഹത്യക്ക് പിന്നിൽ ഉണ്ടാകുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. പ്രധാനമായും കുടുംബ പ്രശ്നങ്ങളാണ് .മാറാരോഗങ്ങൾ പ്രേമനൈരാശ്യം മാനസിക വൈകല്യങ്ങൾ സാമ്പത്തിക ചൂഷണവും വ്യക്തിപരമായ വൈകല്യങ്ങളും ആത്മഹത്യക്ക് കാരണം ആകുന്ന .ഈ കാലഘട്ടത്തിൽ കോവിഡ് പോലുള്ള മഹാമാരി മൂലം വീടുകളിൽ തന്നെ കഴിയേണ്ടി വരുന്നതും അത് മൂലമുണ്ടായിട്ടുള്ള മാനസിക സമ്മർദ്ദങ്ങൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ ജനങ്ങളിൽ ആത്മഹത്യ പ്രവണത വർധിപ്പിച്ചിട്ടുണ്ട്. ആത്മഹത്യ സമൂഹത്തിൽ പുതിയ പ്രവണതയല്ല പണ്ടുമുതൽ ഉണ്ടായിരുന്നു. പക്ഷേ അപൂർവമായിരുന്നു എന്ന് മാത്രം. ഇപ്പോൾ ആത്മഹത്യ പ്രവണത വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

ഇപ്പോൾ ലോകത്തെ ബാധിച്ചിരിക്കുന്ന മഹാമാരി മൂലം ജോലി നഷ്ടപ്പെടുകയും അതുവഴി കടബാധ്യത വർധിക്കുകയും ചെയ്തപ്പോൾ ആത്മഹത്യ വളരെ കൂടിയിട്ടുണ്ട്. കുടുംബ ബന്ധങ്ങളിൽ ഉണ്ടാകുന്ന വിള്ളൽ പ്രധാന കാരണമാണ് കടം വാങ്ങി സുഖോഗ വസ്തുക്കൾ നേടും തിരിച്ചുകൊടുക്കാൻ കഴിയാതെ വരുമ്പോൾ ആത്മഹത്യ ചെയ്യും വരവിനോർത്തു ജീവിക്കുക എന്ന സാമ്പത്തിക അച്ചടക്കം ആത്മഹത്യ ഇല്ലാതാക്കും കേരളത്തിൽ യുവാക്കളുടെ ഇടയിൽ ഇന്ന് ആത്മഹത്യ വളരെ കൂടിയിട്ടുണ്ട് പ്രധാനമായും പ്രേമ നൈരാശയും ശിഥിലമായ കുടുംബബന്ധങ്ങളും ആണ് ആത്മഹത്യയിലേക്ക് നയിക്കുന്നത്.അണു കുടുംബങ്ങളിലെ ജീവിതം ആത്മഹത്യക്ക് പ്രേരണയാക്കുന്നുണ്ട്.ഇത്തരം കുടുംബങ്ങളിൽ കഴിയുന്നവരിൽ ഒരു ബുദ്ധിമുട്ടുണ്ടായാൽ അത് പങ്കുവയ്ക്കാൻ ആരുമില്ലാതെ വലിഞ്ഞു മുറുകുന്ന ഒരു മാനസികാവസ്ഥ ഉണ്ടാകുന്നു. ഇത് ആത്മഹത്യയിലേക്ക് അവരെ നയിക്കുന്നു.

നമ്മുടെ തലമുറയെ കാർന്നു തിന്നുന്ന ഒരു രോഗമാണ് വിഷാദം ഒന്നിലും സംതൃപ്തിയും സന്തോഷവും ലഭിക്കാത്ത അവസ്ഥ. സന്തോഷം വരേണ്ടത് ഉള്ളിൽ നിന്നാണ് മറ്റാരും നമുക്ക് തരികയില്ല. അത്തരം സന്തോഷം പണ്ട് പുസ്തക വായനയിലും നിന്നും ലഭിച്ചിരുന്നു ഇന്ന് ആകട്ടെ അത് ദൃശ്യമാധ്യമങ്ങൾ കയ്യടക്കി അതിലേറെയും വിശാലം വർദ്ധിപ്പിക്കുന്ന

കഥകളും കാഴ്ചകളും ആണ്.... ആത്മഹത്യ സാമൂഹിക വിപത്താണ്.മനസ്സ് പിടികിട്ടാത്ത ഒരു ആലയമാണ് അവിടെ എന്തു നടക്കുന്നു എന്ന് ഉടമയ്ക്ക് പോലും അറിയില്ല തൊട്ടറിയാനും ആവില്ല അത്തരം മനസ്സുകളിൽ നടക്കുന്ന വ്യാപാരങ്ങളെ ആഹ്ലാദത്തിൽ കലർത്തിയാൽ മരണത്തെ ഒഴിവാക്കാം. ശുഭപ്രതീക്ഷ കൈവിടാതിരിക്കുകയാണ് ആത്മഹത്യ ഒഴിവാക്കാവാനുള്ള മാർഗങ്ങളിൽ ഒന്ന്. മരണം ഒന്നിനും പരിഹാരമല്ലെന്ന് വസ്തുത ഓർമിക്കുക. ബലമുള്ള മനസ്സിൽ നിരാശയ്ക്ക് പോറൽ ഏൽപ്പിക്കാൻ കഴിയില്ല നിരാശ സംഭവിക്കാത്തവരായി ആരും തന്നെയില്ല എന്ന് മനസ്സിലാക്കുക അവർ ആത്മഹത്യ ചെയ്തില്ല സുഖമായി ജീവിച്ചു .ആത്മഹത്യ ചെയ്യുന്നതിലൂടെ ആരും ഒന്നും നേടുന്നില്ല.

ഈ ബോധം ദൃഢമായാൽ ആത്മഹത്യ ഒഴിവാക്കും. യോഗാഭ്യാസം, ധ്യാനം, ഗുണപരമായ ചിന്തകൾ ഇവയെല്ലാം ആത്മഹത്യ പ്രവണത ഒഴിവാക്കാൻ സഹായിക്കും. ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷ ഉണ്ടാവണം മരണം എപ്പോൾ വേണമെങ്കിലും ഉണ്ടാകാം പിന്നെ സ്വയം കൊല്ലുന്നത് എന്തിനാണ്?

By:Tincy Telson





അകത്തളങ്ങളിൽ നിറഞ്ഞു
നിന്ന സർഗ്ഗാത്മകതക്ക്
ചിറകു നൽകി
വിഹായസ്സിലേക്ക് പറക്കാൻ
കൂട്ടായി യത്നിച്ച എല്ലാ
കരങ്ങൾക്കും
നന്ദി...നന്ദി...നന്ദി